# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം (SIA)

## മണിയൂർ എയർ ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ നിർമ്മാണം പദ്ധതി

ഉത്തരവ് : 15044/2024 B1 29-04-2026

# കരട് റിപ്പോർട്ട്

## സമർപ്പണം : ജില്ലാ കളക്ടർ, കോഴിക്കോട്

**29 - 05 - 2026**



**SIA യൂണിറ്റ് : യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ**

മണിയൂർ എയർ ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ നിർമ്മാണ പദ്ധതി

സാമൂഹ്യപ്രത്യാഘാത മൂല്യനിർണയ പഠനം (SIA)

# കരട് റിപ്പോർട്ട്

## എയർ ഇൻസുലേറ്റഡ് സബ്‌സ്റ്റേഷന്റെ നിർമ്മാണം

വില്ലേജ് : മണിയൂർ

ജില്ലാ : കോഴിക്കോട്

താലൂക്ക് : വടകര

സമർപ്പിക്കുന്നത് :

**ജില്ലാ കളക്ടർ, കോഴിക്കോട്**

സമർപ്പിച്ചിരിക്കുന്നത് :

**യൂത്ത് സോഷ്യൽ സർവീസ് ഓർഗനൈസേഷൻ (YSSO) കോതമംഗലം**

**(സാമൂഹ്യ പ്രത്യാഘാത മൂല്യനിർണയം യൂണിറ്റ് ജില്ലാതലത്തിൽ)**

തീയതി : 29-05-2026

**യൂത്ത് സോഷ്യൽ സർവീസ് ഓർഗനൈസേഷൻ (YSSO)**

**സോഷ്യൽസർവ്വീസ് സെന്റർ**

**എം.എ.കോളേജ് പി.ഒ., കോതമംഗലം - 686666**

**ഫോൺ : 9446510628**

# കരട് റിപ്പോർട്ട് പ്രഖ്യാപനം

കോഴിക്കോട് ജില്ലാ കളക്ടർ പുറപ്പെടുവിച്ച വിജ്ഞാപനം വഴി എയർ ഇൻസുലേറ്റഡ് KSEB സബ്സ്റ്റേഷന്റെ നിർമ്മാണം ഭൂസമാഹരണം നിർമ്മാണ പദ്ധതിക്കായി നിർദ്ദേശിച്ചിരിക്കുന്ന ഭൂസമാഹരണവുമായി ബന്ധപ്പെട്ട സാമൂഹ്യ പ്രത്യാഘാത മൂല്യനിർണയ SIA പഠനം നടത്തുന്നതിനുള്ള ഉത്തരവാദിത്വം കോതമംഗലം, യൂത്ത് സോഷ്യൽ സർവീസ് ഓർഗനൈസേഷനെ ഏൽപ്പിച്ചിരിക്കുന്നു. ആയതിനാൽ 2013ലെ ഭൂസമാഹരണം, പുനരധിവാസം, പുനഃസ്ഥാപനം എന്നിവയിൽ ന്യായമായ നഷ്ടപരിഹാരവും സുതാര്യതയും ഉറപ്പാക്കുന്ന അവകാശനിയമം എന്ന നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചാണ് ഈ പഠനം നടത്തപ്പെട്ടിരിക്കുന്നത് കുടുംബങ്ങളിൽ നിന്നും മറ്റു പങ്കാളികളിൽ നിന്നുമുള്ള പ്രാഥമിക വിവരങ്ങളും റവന്യൂവകുപ്പിലും KSEB അധികാരികളിലും നിന്നുള്ള വിവരങ്ങളും ഈ പഠനത്തിന്റെ അടിസ്ഥാനമായി ഉപയോഗിച്ചിരിക്കുന്നു. നിർദ്ദേശിച്ചിരിക്കുന്ന പദ്ധതിയുടെ ഫലമായി ഉണ്ടാകാനിടയുള്ള സാമൂഹിക സാമ്പത്തിക ഉപജീവനമേഖലകളിലെ പ്രത്യാഘാതങ്ങളെയാണ് ഈ റിപ്പോർട്ടിൽ അവതരിപ്പിച്ചിരിക്കുന്ന കണ്ടെത്തലുകൾ പ്രതിഫലിപ്പിക്കുന്നത്. ഈ കരട് റിപ്പോർട്ടിൽ ചേർത്തിരിക്കുന്ന രേഖകൾ ഫീൽഡ്തലത്തിലുള്ള വിവരങ്ങളും ബന്ധപ്പെട്ട അധികാരികൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. മേൽ പ്രദേശത്തെ ആളുകൾ എല്ലാവരും 22-06-26 ന് തിങ്കളാഴ്ച 11.30 ന് കോഴിക്കോട് ജില്ലയിൽ, വടകര താലൂക്ക്, മണിയൂർ ഗ്രാമപഞ്ചായത്ത്, 3-ാം വാർഡിലെ മടുപ്പിലാവ് സെന്ററിലെ ഐക്യകേരള വായനശാല & ഗ്രന്ഥാലയം ഓഫീസിൽ വച്ച് പബ്ളിക് ഹിയറിംഗ് നടത്തുന്നതാണ് എന്ന് അറിയിച്ചുകൊള്ളുന്നു. കരട് റിപ്പോർട്ട് പരിശോധനക്ക് www.ysso.net – എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

എക്സിക്യൂട്ടീവ് ചെയർമാൻ
സാമൂഹ്യപ്രത്യാഘാത മൂല്യനിർണയ യൂണിറ്റ്
യൂത്ത് സോഷ്യൽ സർവീസ് ഓർഗനൈസേഷൻ
കോതമംഗലം

# സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ കരട് പഠന റിപ്പോർട്ട്

| | | | | |
|---|---|---|---|---|
| പദ്ധതിയുടെ പേര് | : | മണിയൂർ-110KV എയർ ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ നിർമ്മാണം | | |
| സംസ്ഥാനം | : | കേരളം | | |
| ജില്ല | : | കോഴിക്കോട് | | |
| താലൂക്ക് | : | വടകര | | |
| റവന്യൂ വില്ലേജ് | : | മണിയൂർ വില്ലേജ് | | |
| തദ്ദേശസ്ഥാപനം | : | മണിയൂർ | | |
| ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവ് (ഹെക്ടർ) | : | 0.3168 ഹെക്ടർ | | |
| ആഘാതബാധിതരുടെ എണ്ണം | : | 4 | ഭൂമിയുടെ ഉടമസ്ഥർ/ കൈവശക്കാർ | 4 |
| 4(1) പ്രകാരമുള്ള സർവ്വേ നമ്പറുകളുടെ എണ്ണം | : | 81/2 | 81/35-3, 81/33, 81/34, 81/35, 81/37 | |
| അർത്ഥനാധികാരി | : | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ട്രാൻസ്മിഷൻ ഡിവിഷൻ, വടകര | | |
| ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ | : | സ്പെഷ്യൽ തഹസിൽദാർ (LA) വടകര | | |
| സാമൂഹ്യ പ്രത്യാഘാത നിർണ്ണയ ശാഖ | : | YSSO, കോതമംഗലം | | |
| 4(1) പ്രകാരമുള്ള ഗസറ്റ് വിജ്ഞാപന നമ്പർ, തീയതി | : | 29 - 04 - 2026 | | |
| SIA പഠനം ആരംഭിച്ച തീയതി | : | 11 - 05 - 2026 | | |
| കരട് റിപ്പോർട്ട് പ്രസിദ്ധീകരിച്ച തീയതി | : | 29 - 05 - 2026 | | |
| പബ്ലിക് ഹിയറിംഗ് തീയതി | : | 22 - 06 - 2026, തിങ്കളാഴ്ച 11.30 ന് കോഴിക്കോട് ജില്ലയിൽ, വടകര താലൂക്ക്, മണിയൂർ ഗ്രാമപഞ്ചായത്ത്, 3-ാം വാർഡിലെ മടുപ്പിലാവ് സെന്ററിലെ ഐക്യകേരള വായനശാല & ഗ്രന്ഥാലയം ഓഫീസിൽ വച്ച് | | |

# ഉള്ളടക്കം


| | | |
|---|---|---|
| **അദ്ധ്യായം – 1 ആമുഖം** | | |
| 1.1 | പദ്ധതിയും സാമൂഹ്യപ്രത്യാഘാതവും പൊതുആവശ്യവും | |
| 1.2 | പദ്ധതി പ്രദേശം | |
| 1.3 | ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി | |
| 1.4 | ബദൽ സാധ്യതകൾ | |
| 1.5 | സാമൂഹ്യ പ്രത്യാഘാതവും ലഘുകരണ മാർഗങ്ങളും | |
| 1.6 | വ്യത്യസ്ത ഘട്ടങ്ങളിലെ സാമൂഹ്യ പ്രത്യാഘാത നിർണ്ണയം | |
| **അധ്യായം – 2 പദ്ധതി സംബന്ധിച്ച വിവരങ്ങൾ** | | |
| 2.1 | പദ്ധതിയുടെ പശ്ചാത്തലം | |
| 2.2 | പദ്ധതിയുടെ അടിസ്ഥാനം | |
| 2.3 | പദ്ധതിയുടെ ബദൽ സാധ്യതകളെ സംബന്ധിച്ച പഠനം | |
| 2.4 | നിർമ്മാണ ഘട്ടങ്ങൾ | |
| 2.5 | നിർമ്മാണത്തിന്റെ സവിശേഷതകൾ | |
| 2.6 | അനുബന്ധ ഭൗതിക സൗകര്യങ്ങളുടെ ആവശ്യകത | |
| 2.7 | തൊഴിലാളികളുടെ ആവശ്യകത | |
| 2.8 | മുമ്പ് നടത്തിയ പഠനങ്ങൾ | |
| 2.9 | ഉപയുക്തമായ നയങ്ങളും നിയമങ്ങളും | |

| | | |
|---|---|---|
| **അദ്ധ്യായം-3 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സമീപനങ്ങളും രീതിശാസ്ത്രങ്ങളും** | | |
| 3.1 | പശ്ചാത്തലം | |
| 3.2 | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനവും സാമൂഹ്യ പ്രത്യാഘാത നിർവ്വഹണ പ്ലാൻ തയ്യാറാക്കലും | |
| 3.3 | ഡെസ്ക് റിസർച്ച് | |
| 3.4 | സാമൂഹ്യ പ്രത്യാഘാത പഠന വിലയിരുത്തൽ സംഘം | |
| 3.5 | ദ്വിതീയ വിവരശേഖരണം | |
| 3.6 | പദ്ധതി പ്രദേശ സന്ദർശനവും വിവരങ്ങൾ നൽകലും | |
| 3.7 | സാമൂഹ്യ സാമ്പത്തിക സ്ഥിതിവിവര ശേഖരണം | |
| 3.8 | സ്ഥിതിവിവര ക്രോഡീകരണവും പരിശോധനയും | |
| 3.9 | സ്ഥിതിവിവര വിശകലനവും റിപ്പോർട്ട് തയ്യാറാക്കലും | |
| 3.10 | പൊതുസമൂഹവുമായുള്ള പര്യാലോചന (പബ്ലിക് ഹിയറിംഗ്) | |
| 3.11 | പഠനത്തിന്റെ പരിമിതികൾ | |
| **അധ്യായം - 4 ഭൂനിർണ്ണയം** | | |
| 4.1 | പദ്ധതി മൂലം ഉണ്ടാകുന്ന പ്രത്യാഘാതത്തിന്റെ സ്വാധീനം | |
| 4.2 | നിർദ്ദിഷ്ട പദ്ധതിക്കായി ഏറ്റെടുക്കേണ്ടി വരുന്ന ഭൂമി | |
| 4.3 | പൊതുസ്ഥലത്തിന്റെ ഉപയോഗം | |
| **അധ്യായം - 5 മൂല്യനിർണയം** | | |
| 5.1 | പ്രത്യക്ഷമായി ബാധിക്കുന്നത് | |
| 5.2 | ഭൂഉടമസ്ഥാവകാശത്തിന്റെ കാലയളവ് | |
| 5.3 | മുൻകാലങ്ങളിലെ ഭൂമി കൈമാറ്റങ്ങൾ | |
| 5.4 | പരോക്ഷമായി ബാധിക്കുന്ന കുടുംബങ്ങൾ | |
| 5.5 | ഉത്പാദനക്ഷമമായ ആസ്തികൾ | |

| | | |
|---|---|---|
| **അദ്ധ്യായം -6 സാമൂഹ്യ സാമ്പത്തിക അവസ്ഥ** | | |
| 6.1 | ജനസംഖ്യ വിവരങ്ങൾ | |
| 6.2 | ദുർബല വിഭാഗങ്ങൾ | |
| 6.3 | ഭൂ വിനിയോഗവും ഉപജീവനവും | |
| **അധ്യായം -7 സാമൂഹ്യ പ്രത്യാഘാത മാനേജ്മെന്റ് പ്ലാൻ** | | |
| 7.1 | സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം | |
| 7.2 | ആഘാതം ഒഴിവാക്കാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗങ്ങൾ | |
| 7.3 | പുനരധിവാസം, പുനഃസ്ഥാപനം, നഷ്ടപരിഹാരം എന്നിവയുമായി ബന്ധപ്പെട്ട നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന നടപടികൾ | |
| 7.4 | നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട അർത്ഥനാധികാരി പദ്ധതി രേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ | |
| 7.5 | സാമൂഹ്യപ്രത്യാഘാത പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുന്നതിന് പദ്ധതി രൂപകല്പനയിൽ വരുത്തേണ്ട മാറ്റങ്ങൾ | |
| 7.6 | ആഘാതം ദൂരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി | |
| 7.7 | അർത്ഥനാധികാരി നിർവഹിക്കുമെന്നോ പിന്നീട് നിർവഹിക്കാം എന്നോ ഉറപ്പുനൽകിയിട്ടുള്ളതും, എന്നാൽ നിർവഹിച്ചിട്ടില്ലാത്തതുമായ നടപടികൾ | |
| 7.8 | നിർദ്ദിഷ്ട പദ്ധതിയെക്കുറിച്ചുള്ള അവബോധവും, ആഘാതബാധിതരുടെ അഭിപ്രായങ്ങളും | |
| **അധ്യായം -8 സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി സ്ഥാപന ഘടന** | | |
| 8.1 | സ്ഥാപന ഘടനയും ഉദ്യോഗസ്ഥരും | |
| **അധ്യായം -9 സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം, ദൂരീകരണം** | | |
| 9.1 | പുനരധിവാസത്തിന്റെയും പുനഃസ്ഥാപനത്തിന്റെയും ചെലവ് | |
| 9.2 | വാർഷിക ബജറ്റും, കർമ്മ പദ്ധതികളും | |
| 9.3 | സാമ്പത്തിക സ്രോതസ്സുകളും ചെലവിനങ്ങളും | |

| | | |
|---|---|---|
| **അധ്യായം -10 സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി – ഗതിനിയന്ത്രണവും, വിലയിരുത്തലും** | | |
| 10.1 | സംസ്ഥാനതലം | |
| 10.2 | ജില്ലാ തലം | |
| **അധ്യായം -11 ചെലവുകളെയും പ്രയോജനങ്ങളെയും സംബന്ധിച്ച വിശകലനവും ശുപാർശകളും** | | |
| 11.1 | അന്തിമ വിശകലനം | |
| 11.2 | ആഘാതബാധിതരുടെ പ്രധാന നിർദ്ദേശങ്ങൾ | |
| 11.3 | ശുപാർശകൾ | |

# പട്ടികകളുടെ വിവരം

| പട്ടികകൾ | | |
|---|---|---|
| പട്ടിക 1.1 | സർവ്വേ നമ്പർ | |
| പട്ടിക 2.1 | തദ്ദേശ സ്ഥാപന ജനസംഖ്യാ വിവരങ്ങൾ | |
| പട്ടിക 3.1 | പഠനവിലയിരുത്തൽ സംഘം | |
| പട്ടിക 4.1 | പദ്ധതിബാധിതരുടെ എണ്ണം - വില്ലേജ് | |
| പട്ടിക 4.2 | LSGD ജനസംഖ്യ വിവരങ്ങൾ | |
| പട്ടിക 3.1 | സാമൂഹ്യ ആഘാത നിർണയ സംഘം | |
| പട്ടിക 3.2 | കൂടിയാലോചനകളുടെ പട്ടിക | |
| പട്ടിക 4.1 | പദ്ധതി ആഘാതമേഖലകളുടെ ചുരുക്കപ്പട്ടിക | |
| പട്ടിക 5.1 | ആഘാതബാധിത ബാധിത വസ്തുക്കളുടെ ദൈർഘ്യം | |
| പട്ടിക 5.2 | ഉടമസ്ഥാവകാശകാലം | |
| പട്ടിക 6.1 | പ്രായാടിസ്ഥാന ജനസംഖ്യ | |
| പട്ടിക 6.2 | മതവിഭാഗം | |
| പട്ടിക 6.3 | സാമൂഹ്യവിഭാഗം | |
| പട്ടിക 6.4 | വൈവാഹിത സ്ഥിതി | |
| പട്ടിക 6.5 | കുടുംബഘടന | |
| പട്ടിക 6.6 | വിദ്യാഭ്യാസ സ്ഥിതി | |
| പട്ടിക 6.7 | പൊതുവിതരണ സമ്പ്രദായം | |
| പട്ടിക 6.8 | കുടുംബ പ്രതിമാസ വരുമാനം | |
| പട്ടിക 6.9 | വരുമാനം ഉറവിടങ്ങൾ | |
| പട്ടിക 6.10 | പ്രതിമാസ ചെലവ് | |
| പട്ടിക 7.1 | പദ്ധതിയുടെ നല്ല വശങ്ങളെപ്പറ്റിയുള്ള അഭിപ്രായം ആരായൽ | |
| പട്ടിക 7.2 | പദ്ധതിയുടെ ദൂഷ്യ ദൂഷ്യവശങ്ങളെ പറ്റിയുള്ള അഭിപ്രായം ആരായൽ | |
| പട്ടിക 7.3 | പുനരധിവാസത്തിന് മാറ്റിപ്പാർപ്പിക്കലിനോ ഉള്ള താല്പര്യം കൈവശാവകാശക്കാരോ ഉടമസ്ഥരോ | |
| പട്ടിക 11.1 | പദ്ധതി ആഘാതം മേഖലയുടെയും കുടുംബങ്ങളുടെയും സംക്ഷിപ്തരേഖ | |

# അനുബന്ധം

| | | |
|---|---|---|
| 1 | 4 (1) വിജ്ഞാപനം | |
| 2 | പ്രത്യേക പുനരധിവാസ പുനസ്ഥാപന വ്യവസ്ഥ | |
| 3 | വിവരശേഖരണത്തിനുള്ള ചോദ്യാവലി | |
| 4 | ആഘാതബാധിത ഉടമസ്ഥരായ കുടുംബങ്ങളുടെയും പട്ടിക | |
| 5 | പൊതുവിസ്താരത്തിനുള്ള അറിയിപ്പിന്റെ പകർപ്പ് | |
| 6 | ആഘാതനിർണയ പഠനത്തെപ്പറ്റിയുള്ള ന്യൂസ് പേപ്പർ വാർത്തകൾ | |
| 7 | പൊതുവിസ്താരത്തിന്റെ സമയക്രമം | |
| 8 | പൊതുവിസ്താരത്തിൽ പങ്കെടുക്കേണ്ടവർ<br>(സർക്കാർ ഉദ്യോഗസ്ഥർ, (SIA) യുടെ പ്രതിനിധികൾ തുടങ്ങിയവർ) | |
| 9 | പൊതുവിസ്ഥാനിൽ പങ്കെടുക്കേണ്ടവർ<br>(ബാധിത ഉടമകൾ, പൊതുജനങ്ങൾ തുടങ്ങിയവർ) | |
| 10 | പൊതുവിസ്താരത്തിന്റെ വിവരശേഖരം | |
| 11 | ഫോട്ടോകൾ | |

അദ്ധ്യായം 1

# ആമുഖം

## 1.1 മുഖവുര – പദ്ധതിയും പൊതുആവശ്യവും സാമൂഹ്യ പ്രത്യാഘാതവും

മണിയൂർ 110 KV എയർ ഇൻസുലേറ്റഡ് സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി കോഴിക്കോട് ജില്ലയിലെ മണിയൂർ ഗ്രാമത്തിൽ 0.3168 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതിന്റെ ആവശ്യം കേരള സർക്കാർ തിരിച്ചറിഞ്ഞു കഴിഞ്ഞു. വിദ്യുച്ഛക്തി വിതരണം, ഗ്രിഡ്ഡിന്റെ ശാക്തീകരണം, തദ്ദേശീയരുടെ വർദ്ധിച്ചുവരുന്ന ഊർജ്ജത്തിന്റെ ആവശ്യം എന്നിവയുടെ പുരോഗതി ലക്ഷ്യം വെച്ചുകൊണ്ടുള്ള ഒരു പൊതുഭൗതിക വികസന പദ്ധതിയാണിത്.

## 1.2 പദ്ധതി പ്രദേശം

നിർദ്ദിഷ്ട 110 KV സബ്സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത് കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിൽ മണിയൂർ ഗ്രാമപഞ്ചായത്തിലാണ്. ഇതിലേക്കായി ഏറ്റെടുക്കേണ്ടത് മടപ്പിലാവിലെ ദേശത്ത് സ്ഥിതി ചെയ്യുന്ന സർവ്വേ നമ്പർ 81/2 ലുള്ള സ്ഥലമാണ്.

## 1.3 സ്ഥലത്തിന്റെ വിസ്തൃതിയും പ്രത്യേകതയും

കൈവശമാക്കേണ്ട നിർദ്ദിഷ്ട സ്ഥലം 81/2 സർവ്വേ നമ്പറിലുള്ള വീടോടുകൂടിയ പറമ്പാണ്. പദ്ധതിക്ക് ആവശ്യമായ മൊത്തം സ്ഥലം 0.3168 ഹെക്ടറാണ്.

## 1.4 ബദൽ സാധ്യതകൾ

ഭൂമി വിട്ടുനൽകുവാൻ ഉടമകൾ തയ്യാറായതിനാൽ അർഹമായ നഷ്ടപരിഹാരം നൽകി പദ്ധതി നടപ്പിലാക്കാവുന്നതാണ്. ബദൽ മാർഗ്ഗങ്ങൾ പരിഗണിക്കേണ്ടിവരികയില്ല.

## 1.5 സാമൂഹ്യാഘാതങ്ങളും ലഘൂകരണ നടപടികളും

മണിയൂർ സബ്സ്റ്റേഷന്റെ നിർമ്മാണം സ്ഥലവാസികളായ പൊതുജനങ്ങൾക്ക് മികച്ച നേട്ടങ്ങൾ പ്രദാനം ചെയ്യുന്നു എന്ന് പ്രതീക്ഷിക്കപ്പെടുന്നു. പ്രത്യേകിച്ച് സ്ഥിരമായ വിദ്യുച്ഛക്തിയുടെ ലഭ്യതയും പ്രദേശത്തെ കാലങ്ങളായുള്ള വോൾട്ടേജ് പ്രശ്നത്തിന് പരിഹാരവും. എന്നിരുന്നാലും മണിയൂർ ഗ്രാമത്തിലെ 4 വീട്ടുകാരെ ഇതുമൂലമുള്ള സ്ഥലം ഏറ്റെടുക്കൽ ബാധിക്കും. എല്ലാ ബാധിതവസ്തുക്കളും വീടോടുകൂടിയ പറമ്പാണ്. ആഘാത നിർണയ പഠനസമയത്ത് ബാധിതരായ വീട്ടുകാർ അവരുടെ ഉത്കണ്ഠകൾ പങ്കുവെച്ചിട്ടുണ്ട്.

ഇവയിൽ ആദ്യത്തെ വീട്ടുകാർ പ്രകടിപ്പിച്ചത് വിട്ടുകൊടുക്കേണ്ട സ്ഥലം അവരുടെ തറവാട് സ്വത്തിന്റെ ഭാഗമാണെന്നതിലുള്ള സങ്കടമാണ്. താമസസ്ഥലം കൂടാതെ അവരുടെ പൈതൃ കത്തിന്റെ ഭാഗമായ കുറെ കൃഷിസ്ഥലവും നഷ്ടമാകുന്നതിലുള്ള ദുഃഖമാണ് രണ്ടാ മത്തെ വീട്ടുകാർ പ്രകടിപ്പിച്ചത്. സ്വന്തം വീട് പണിയാൻ വേണ്ടി വാങ്ങിയ സ്ഥലം മുഴുവനായും വിട്ടുകൊടുക്കുന്നതിലൂടെ തങ്ങളുടെ സ്വപ്നപദ്ധതി തകർന്നു പോകുന്നതിലുള്ള നിരാശ യാണ് മറ്റൊരു കുടുംബം പ്രകടിപ്പിച്ചത്.

നിലവിലുള്ള പൊതുവിപണിയിലെ സ്ഥലവിലപ്രകാരം ന്യായമായ നഷ്ടപരിഹാരം ഈ നാല് കുടുംബങ്ങൾക്കും നൽകണമെന്ന ശുപാർശയാണ് ആഘാതബാധിതരായ കുടുംബ ങ്ങളുടെ പരാതി പരിഹരിക്കാൻ മുന്നോട്ടുവയ്ക്കുന്നത്. ഇപ്രകാരം നിശ്ചയിക്കുന്ന നഷ്ടപരി ഹാരം സുതാര്യവും ഭൂമി ഏറ്റെടുക്കൽ പുനരധിവാസ പുനഃസ്ഥാപന നിയമമനുസരിച്ച് വീടും കൃഷിസ്ഥലവും വിട്ടുതരുന്ന കുടുംബങ്ങൾക്ക് നീതിപൂർവമായി നൽകുന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്.

### 1.6 പദ്ധതിയുടെ വിവിധഘട്ടങ്ങളിലെ സാമൂഹികാഘാത നിർണയം

| ക്രമ നമ്പർ | ഘട്ടങ്ങൾ | സാമൂഹികാഘാതം |
|---|---|---|
| 1 | നിർമ്മാണത്തിനു മുൻപ് | 4 കുടുംബങ്ങളുടെ വീടും പൈതൃക കൃഷി ഭൂമിയുടെയും നഷ്ടം |
| 2 | നിർമ്മാണ സമയത്ത് | |
| 3 | നിർമ്മാണശേഷം | |

### 1.7 സാമൂഹികാഘാത നിർണയവും ലഘൂകരണ നടപടികളും വിശകലനവും

| ക്രമ നമ്പർ | ആഘാതത്തിന്റെ സ്വഭാവം | തൽസ്ഥിതി | ലഘൂകരണനടപടി |
|---|---|---|---|
| 1 | സ്ഥലനഷ്ടം | 4കുടുംബങ്ങളുടെ വീടും പൈതൃക കൃഷിസ്ഥലവുമായ 0.3168 ഹെക്ടർ ഭൂമി | RFCTLARR Act, 2013 അനുസരിച്ച് നിലവിലെ വിപണിവിലപ്രകാരം ന്യായമായ നഷ്ടപരിഹാരം നൽകേണ്ടതാണ് |
| 2 | സ്ഥലത്തിന്റെയും നിർമ്മിതിയുടെയും നഷ്ടം | ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് യാതൊരുവിധ സ്ഥിരനിർമ്മിതികളും ഇല്ല | ഏതെങ്കിലും നിർമ്മിതികൾ ഉണ്ടെങ്കിൽ നിയമപ്രകാരം നഷ്ടപരിഹാരം നൽകുന്നതാണ് |

| | | | |
|---|---|---|---|
| 3 | ആദായം ലഭിക്കുന്ന സ്വത്തിന്റെ നഷ്ടം | ഏറ്റെടുക്കൽ മൂലം ആഘാതബാധിത പ്രദേശത്തുള്ള വൃക്ഷങ്ങളുടെയും മറ്റു വസ്തുക്കളുടെയും നഷ്ടം | നഷ്ടമാകുന്ന വൃക്ഷങ്ങൾക്കും ആദായകരമായ വസ്തുക്കൾക്കും നഷ്ടപരിഹാരം നൽകുന്നതാണ് |
| 4 | ഉപജീവനമാർഗ്ഗ നഷ്ടം | ആഘാതബാധിത പ്രദേശത്ത് പൊതുസേവന സമഗ്രികൾ ഒന്നുമില്ല | പ്രസക്തമല്ല |
| 5 | പൊതുസേവന സാമഗ്രിയുടെ നഷ്ടം | ആഘാതബാധിത പ്രദേശത്ത് പൊതു സേവന സാമഗ്രികൾ ഒന്നുമില്ല | പ്രസക്തമല്ല |
| 6 | പൊതുവസ്തുക്കളുടെ നഷ്ടം | ആഘാതബാധിത പ്രദേശത്ത് പൊതുവസ്തുക്കൾ ഒന്നുമില്ല | പ്രസക്തമല്ല |
| 7 | സാമൂഹിക സാംസ്കാരിക കേന്ദ്രങ്ങളുടെ നഷ്ടം | ആഘാതബാധിതപ്രദേശത്ത് യാതൊരു സാമൂഹ്യ സാംസ്കാരിക കേന്ദ്രങ്ങളുമില്ല | പ്രസക്തമല്ല |
| 8 | ദുർബലവിഭാഗങ്ങളുടെ സ്ഥലം മാറ്റം | യാതൊരു സ്ഥലം മാറ്റങ്ങളും സംഭവിക്കുകയില്ല | പ്രസക്തമല്ല |
| 9 | മത-ആരാധനാ കേന്ദ്രത്തിന്റെയോ വസ്തുക്കളുടെയോ നഷ്ടം | ആഘാതബാധിത പ്രദേശത്ത് മത - ആരാധന കേന്ദ്രങ്ങൾ ഇല്ല | പ്രസക്തമല്ല |

## സാമൂഹികാഘാതം ഒഴിവാക്കാനോ ലഘൂകരിക്കാനോ നഷ്ടപരിഹാരം നൽകുന്നതിനോ വേണ്ടിയുള്ള നടപടികൾ

മണിയൂർ 110 KV സബ്സ്റ്റേഷന് വേണ്ടിയുള്ള നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നിമിത്തം ഉണ്ടാകാവുന്ന സാമൂഹികാഘാതം ഒഴിവാക്കുന്നതിനോ ലഘൂകരിക്കുന്നതിനോ നഷ്ടപരിഹാരം നൽകുന്നതിനോ ശുപാർശ ചെയ്യുന്ന നടപടികൾ ചുവടെ പ്രതിപാദിക്കുന്നു.

ആഘാതബാധിതരായ 4 വീട്ടുകാർക്കും അവർക്ക് നഷ്ടമാകുന്ന സ്ഥലത്തിന് നഷ്ടപരിഹാരം നിലവിലെ വിപണി മൂല്യം കണക്കാക്കി 2013-ലെ RFCTLARR നിയമപ്രകാരം ന്യായവും തൃപ്തികരമായും നൽകപ്പെടുന്നതാണ്.

ഏറ്റെടുക്കൽ മുഖാന്തരം നഷ്ടമാകുന്ന വൃക്ഷങ്ങൾക്കും മറ്റ് ആദായകരമായ സ്വത്തുക്കൾക്കും നഷ്ടപരിഹാരം ലഭിക്കും. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് നഷ്ടപരിഹാര-പുനരധിവാസ പ്രക്രിയകളിൽ പ്രത്യേക പരിഗണനയും മുൻഗണനയും നൽകപ്പെടും. സ്വന്തം വീട് പണിയുന്നതിനായി സ്ഥലം വാങ്ങിയ കുടുംബത്തിന് മുഴുവൻ സ്ഥലവും നഷ്ടമായി ഭവനരഹിതരായിരിക്കുന്ന അവസ്ഥയിൽ, പ്രത്യേക പരിഗണന നൽകുന്നതായിരിക്കും.

തറവാട് സ്വത്ത് നഷ്ടപ്പെടുന്ന കുടുംബങ്ങളുടെ പ്രയാസങ്ങൾ അർഹിക്കുന്ന പ്രാധാന്യത്തോടെ അംഗീകരിച്ച് നഷ്ടപരിഹാര പ്രക്രിയ കരുതലോടെയും സുതാര്യമായും നടപ്പിലാക്കും. ആഘാതബാധിതരായ എല്ലാ കുടുംബങ്ങളെയും ഏറ്റെടുക്കൽ പ്രക്രിയയുടെ പുരോഗതി സമയാസമയം അറിയിക്കുകയും അവരുടെ പരാതികൾ നിയമത്തിൽ പരാമർശിക്കുന്ന പരാതിപരിഹാരകേന്ദ്രത്തിൽക്കൂടി പ്രകടമാക്കാനുള്ള അവസരം നൽകുന്നതുമാണ്. നീണ്ടുപോകുന്ന അനിശ്ചിതത്വവും അസൗകര്യങ്ങളും കഴിവതും ഇല്ലാതാക്കി മുഴുവൻ നടപടിക്രമങ്ങളും സമയാധിഷ്ഠിതമായി പൂർത്തിയാക്കുകയും ചെയ്യും.

## അദ്ധ്യായം 2

# വിശദമായ പദ്ധതി വിവരണം

### 2.1 പദ്ധതിയുടെ പശ്ചാത്തലം

കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിൽ മണിയൂർ ഗ്രാമപഞ്ചായത്തിൽ കേരള സർക്കാർ നിർദേശിച്ച 110 KV എയർ-ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ ഒരു ഊർജ്ജനിർമ്മിതി പദ്ധതിയാണ്. പ്രദേശത്തെ വർദ്ധിച്ചുവരുന്ന വിദ്യുച്ഛക്തിയുടെ ആവശ്യം നേരിടുന്നതിനും തദ്ദേശ ജനവിഭാഗങ്ങൾക്ക് വേണ്ടിയുള്ള ഊർജ്ജവിതരണത്തിന്റെ മേന്മയും വിശ്വാസ്യ തയും മെച്ചപ്പെടുത്തുന്നതിനും വേണ്ടിയാണ് ഈ പദ്ധതി ആരംഭിക്കുന്നത്. സബ്സ്റ്റേഷന്റെ നിർമ്മാണത്തിന് വേണ്ടിയുള്ള മുടപ്പിലാവിലുള്ള മണിയൂർ ഗ്രാമത്തിൽ സർവ്വേ നമ്പർ 81/2-ൽ പെട്ട 0.3168 ഹെക്ടർ സ്ഥലം കേരള സർക്കാർ കണ്ടെത്തിയിട്ടുണ്ട്. ഭൂമിഏറ്റെടുക്കൽ പ്രക്രിയ RFCTLARR നിയമം 2013 പ്രകാരമാണ് നടപ്പിലാക്കുന്നത്.

### 2.2 പദ്ധതിയുടെ അടിസ്ഥാനം

കോഴിക്കോട് ജില്ലയിലെ വടകര പ്രദേശത്തെ വർദ്ധിത വിദ്യുച്ഛക്തി ഉപയോഗം നേരിടാൻ 110KVഎയർ ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ അത്യന്താപേക്ഷിതമാണ്. സ്ഥലനിവാസികളുടെ ദൈനംദിന ജീവിതത്തെയും നാട്ടുകച്ചവടക്കാരുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തന ത്തെയും ബാധിക്കുന്ന വോൾട്ടേജ് വ്യതിയാനവും വിശ്വാസയോഗ്യമല്ലാത്ത ഊർജ്ജ പ്രസര ണവുമാണ് സ്ഥലത്ത് നിലവിൽ നിലനിൽക്കുന്ന ഊർജ്ജകേന്ദ്രം നേരിടുന്ന വെല്ലുവിളികൾ. നിർദിഷ്ട സബ്സ്റ്റേഷന് വിദ്യുച്ഛക്തിയുടെ പ്രവർത്തനവും പ്രസരണവും ശക്തിപ്പെടുത്തി വോ ൾട്ടേജ് നിലവാരം നിലനിർത്തി പ്രദേശവാസികൾക്ക് മുടങ്ങാതെ ഊർജ്ജലഭ്യത ഉറപ്പാക്കാനും സാധിക്കും. ആയതിനാൽ ഈ പദ്ധതി പൊതുജന താൽപര്യം സംരക്ഷിക്കുന്നതും കേരള സർ ക്കാരിന്റെ ഊർജ്ജമേഖലയിലെ വിപുലമായ ലക്ഷ്യങ്ങൾക്ക് അനുസൃതമായിട്ടുള്ളതുമാണ്.

### 2.3 പദ്ധതിയുടെ ബദൽസാധ്യതകളെ സംബന്ധിച്ച പഠനം

നിർദിഷ്ട സബ്സ്റ്റേഷന്റെ സ്ഥാനം നിശ്ചയിക്കുന്നതിന് മുമ്പായി ബന്ധപ്പെട്ട അധികാരികൾ പ്രദേശത്തുള്ള നിരവധി ഇതര സ്ഥലങ്ങൾ പരിശോധിക്കുകയുണ്ടായി. നിലവിലെ ഊർജ്ജ വിതരണ ശൃംഖലയുമായുള്ള സാമീപ്യം, സ്ഥലലഭ്യത, സഞ്ചാരസൗകര്യം കുറഞ്ഞ സാമൂ ഹ്യപരിസ്ഥിതി ആഘാതം എന്നീ കാര്യങ്ങൾ അടിസ്ഥാനമാക്കിയുള്ള വിലയിരുത്ത ലിൽ ഏറ്റവും അനുയോജ്യമായ സ്ഥലമായി തിരഞ്ഞെടുത്തത് മണിയൂർ ഗ്രാമത്തിലെ സ്ഥല മാണ്. തിരഞ്ഞെടുത്ത സ്ഥലത്തിന് ആവശ്യമുള്ളത് 0.3168 ഹെക്ടർ സ്ഥലമാണ്. കാരണം

സ്റ്റേഷന്റെ നിർമ്മാണത്തിന് ഏറ്റവും കുറഞ്ഞത് ഇത്രയുമാണ്. ഏറ്റവും കുറവ് കുടിയൊഴിപ്പിക്കലും കഴിയുന്നത്ര ഏറ്റവും കുറഞ്ഞ ആഘാതവും കണക്കിലെടുത്തു കൊണ്ടാണ് ഏറ്റെടുക്കൽ പദ്ധതി ആസൂത്രണം ചെയ്തത്.

### 2.4 നിർമ്മാണത്തിന്റെ ഘട്ടങ്ങൾ

മണിയൂർ സബ്സ്റ്റേഷന്റെ നിർമ്മാണം താഴെ പറയുന്ന ഘട്ടങ്ങളിലായിരിക്കും നടത്തുന്നത്. സ്ഥലം വെടിപ്പാക്കലും നിരപ്പാക്കലും ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കുക, സ്ഥലം ഒരുക്കുക എന്നിവയാണ് ആദ്യഘട്ടം. രണ്ടാംഘട്ടത്തിൽ നിർമ്മാണ പ്രവർത്തനം ഉൾപ്പെടുന്നു. കെട്ടിടത്തിന്റെയും അതിർത്തിമതിലുകളുടെയും മറ്റ് താങ്ങ് നിർമ്മിതികളുടെയും നിർമ്മാണം മൂന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ട്രാൻസ്ഫോമർ, സ്വിച്ച് ഗിയർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നീ ഇലക്ട്രിക് ഉപകരണങ്ങളുടെ സ്ഥാപനമാണ്. അവസാനഘട്ടത്തിലാണ് പരീക്ഷണവും ഉദ്ഘാടനവും സ്റ്റേഷന്റെ പ്രവർത്തന ആരംഭവും.

### 2.5 നിർമ്മാണത്തിന്റെ സവിശേഷതകൾ

110KV സബ്സ്റ്റേഷൻ രൂപകല്പന ചെയ്തിരിക്കുന്നത് എയർ ഇൻസുലേറ്റഡ് മാതൃകയിലാണ്. അന്തരീക്ഷമർദ്ദത്താൽ ഇലക്ട്രിക് ഉപകരണത്തിന് വായു കവചം സൃഷ്ടിക്കുന്ന ഒരു പരമ്പരാഗത രീതിയാണിത്. 110KV വോൾട്ടേജ് വരെയാണ് പ്രവർത്തിക്കുക. സുരക്ഷയും പ്രവർത്തന സ്ഥിരതയും ഉറപ്പാക്കുന്നതിനായി ആവശ്യമായ ട്രാൻസ്ഫോർമറുകൾ, നിയന്ത്രണബോർഡുകൾ, സുരക്ഷാസംവിധാനം എന്നിവകളാൽ സ്റ്റേഷൻ ശാക്തീകരിക്കപ്പെട്ടിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെയും (KSEB) സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെയും പ്രസക്തമായ സാങ്കേതിക മാനദണ്ഡങ്ങളും ഉപദേശങ്ങളും അനുസരിച്ചാണ് സ്റ്റേഷന്റെ രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്.

### 2.6 അനുബന്ധ നിർമ്മാണ സൗകര്യങ്ങളുടെ ആവശ്യം

മണിയൂർ എയർ ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ നിർമ്മാണ പദ്ധതിക്കായാണ് നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിരിക്കുന്നത്. പദ്ധതി നടപ്പിലാകുമ്പോൾ വൈദ്യുതി ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ക്രമീകരിക്കേണ്ടതാണ്.

### 2.7 ആവശ്യമായ തൊഴിൽ ശക്തി

നിർദ്ദിഷ്ട പദ്ധതി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ മനുഷ്യശേഷിയും മറ്റു സേവന സൗകര്യങ്ങളും ഫലപ്രദമായ രീതിയിൽ വിനിയോഗിക്കണം.

## 2.8 മുൻകാല പഠനങ്ങൾ

ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടങ്ങുന്നതിനു മുമ്പ് തന്നെ സ്റ്റേഷന്റെ നിർമ്മാണത്തെ സംബന്ധിച്ച സാങ്കേതിക സാധ്യതയും നിർദിഷ്ട സ്ഥാനത്തിന്റെ യോഗ്യതയും നിർണയിക്കുന്നതിനുള്ള പ്രാരംഭ പഠനങ്ങൾ ബന്ധപ്പെട്ട അധികാരികൾ നടത്തുകയുണ്ടായി. തുടർന്ന് കേരള സർക്കാർ, നിയമം 2013 പ്രകാരം സാമൂഹ്യാഘാത നിർണയം നടത്താൻ അധികാര പത്രം പുറപ്പെടുവിക്കുകയും, പ്രസ്തുത പഠനം യൂത്ത് സോഷ്യൽ സർവീസ് ഓർഗനൈസേഷൻ, കോതമംഗലം ജില്ലാതല വിഭാഗം നടത്തുകയുണ്ടായി. പദ്ധതിയുമായി ബന്ധപ്പെട്ട യാതൊരു ഔദ്യോഗിക പഠനങ്ങളും മുൻകാലങ്ങളിൽ നടത്തപ്പെട്ടതായി അറിവില്ല.

## 2.9 പ്രസക്തമായ നിയമ നിർമ്മാണങ്ങളും നയങ്ങളും

താഴെക്കൊടുത്തിരിക്കുന്ന നിയമനിർമാണങ്ങളും നയങ്ങളും നിർദിഷ്ട പദ്ധതിയുടെ കാര്യത്തിൽ പ്രസക്തമാണ്. RFCTLARR-നിയമം, 2013 എന്ന പ്രാഥമിക നിയമനിർമ്മാണമാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമിഏറ്റെടുക്കലിന് ബാധകമായിരിക്കുന്നത്. ആഘാതബാധിത കുടുംബങ്ങൾക്ക് ന്യായമായ നഷ്ടപരിഹാരം, ഏറ്റെടുക്കൽ പ്രക്രിയയിലെ സുതാര്യത, പുനരധിവാസം, കുടിയൊഴിപ്പിക്കപ്പെട്ടവരുടെ മാറ്റിപ്പാർപ്പിക്കൽ എന്നിവയാണ് ഈ നിയമം അനുശാസിക്കുന്നത്.

### വിവരാവകാശ നിയമം 2005

സ്ഥലം ഏറ്റെടുക്കൽ പ്രക്രിയ, വാഗ്ദാനം ചെയ്യുന്ന നഷ്ടപരിഹാരത്തിന്റെ വിശദാംശങ്ങൾ, പുനരധിവാസനടപടികൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ അറിയാനുള്ള ആഘാത ബാധിതരുടെയും പൊതുജനങ്ങളുടെയും അവകാശമാണ് ഈ നിയമം ഉറപ്പാക്കുന്നത്. സുതാര്യത പാലിച്ചുകൊണ്ട് പൊതുജനങ്ങൾക്ക് പ്രസക്തമായ വിവരങ്ങൾ നൽകുവാൻ ഈ നിയമപ്രകാരം ബന്ധപ്പെട്ട അധികാരികൾ ബാധ്യസ്ഥരാണ്.

### വികലാംഗരുടെ അവകാശം 2016

ഭൂമി ഏറ്റെടുക്കൽ, നഷ്ടപരിഹാരം, പുനരധിവാസം എന്നീ പ്രക്രിയകൾ നടക്കുന്ന വേളയിൽ ആഘാതബാധിതരായ കുടുംബങ്ങളിൽപ്പെട്ട ശാരീരിക ബലഹീനരുടെ അവകാശങ്ങളും താൽപര്യങ്ങളും സംരക്ഷിക്കുന്നത് ഉറപ്പുവരുത്തും എന്നാണ് ഈ നിയമം അനുശാസിക്കുന്നത്. നിർദ്ദിഷ്ടഭൂമി ഏറ്റെടുക്കൽമൂലം യാതൊരുവിധമായ ന്യൂനതകളും വികലാംഗർക്ക് അനുഭവിക്കാത്ത വിധത്തിൽ പ്രത്യേക പരിഗണന അവർക്ക് നൽകണമെന്ന് ഉറപ്പാക്കുന്നതാണ് ഈ നിയമം.

അദ്ധ്യായം 3

# പഠനത്തിന്റെ സമീപനവും പ്രവർത്തന സമ്പ്രദായവും

## 3.1 പശ്ചാത്തലം

കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിൽ മണിയൂർ ഗ്രാമപഞ്ചായത്തിൽ നിർദ്ദിഷ്ട 110KV സബ്സ്റ്റേഷന് വേണ്ടി സാമൂഹികാഘാത നിർണയം നടത്തുവാനായി കേരള സർക്കാരിന്റെ നിർദ്ദേശം അനുസരിച്ച് കോതമംഗലം ആസ്ഥാനമായുള്ള യൂത്ത് സോഷ്യൽ സർവീസ് ഓർഗനൈസേഷൻ എന്ന സംഘടനയെ ജില്ലാതല സാമൂഹികാഘാത നിർണ്ണയ ഘടകമായി നാമനിർദ്ദേശം ചെയ്യപ്പെടുകയുണ്ടായി.

ഏത് പൊതുലക്ഷ്യാധിഷ്ഠിതമായ പദ്ധതിക്ക് വേണ്ടിയും ഭൂമി ഏറ്റെടുക്കുന്നതിനു മുമ്പായി സാമൂഹികാഘാത പഠനം നിർബന്ധമായും നടത്തണമെന്നുള്ള നിയമം 2013, കർശനമായി പാലിച്ചുകൊണ്ടാണ് പഠനം ഏറ്റെടുത്തത്. കാലേക്കൂട്ടിത്തന്നെ ഗൗരവമായ സാമൂഹികാഘാതം തിരിച്ചറിഞ്ഞ് ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിന് മുമ്പ് അനുയോജ്യമായ ലഘൂകരണ നടപടികൾ ആസൂത്രണം ചെയ്യുക എന്ന് ഉറപ്പുവരുത്തുകയാണ് പഠനത്തിന്റെ ലക്ഷ്യം.

സാമൂഹികാഘാത നിർണയത്തിന്റെ പ്രാഥമിക ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

- നിർദിഷ്ട ഏറ്റെടുക്കൽ ബാധിക്കുന്ന വ്യക്തികൾ, കുടുംബങ്ങൾ, ജനവിഭാഗങ്ങൾ എന്നിവരെ കണ്ടെത്തുക.
- സാമൂഹികവും, സാമ്പത്തികവും, തൊഴിൽപരവുമായ ആഘാതത്തിന്റെ സ്വഭാവവും വലിപ്പവും നിർണയിക്കുക
- പ്രതികൂല ഫലങ്ങൾ ഏറ്റവും കുറഞ്ഞതോതിലേക്ക് താഴ്ത്തുവാനുള്ള അനുയോജ്യമായ നിയന്ത്രണ നടപടികൾ ശുപാർശ ചെയ്യുക.
- നിയമം അനുശാസിക്കുന്നതിനനുസൃതമായ ഒരു സമ്പൂർണ്ണ സാമൂഹികാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുക.

## 3.2 സാമൂഹ്യാഘാത നിർണയ പഠനവും പദ്ധതി തയ്യാറാക്കലും

മണിയൂർ ഗ്രാമത്തിലെ പദ്ധതി പ്രദേശത്ത് ഒരു വിശദമായ മേഖലാതല അവലോകനമാണ് നിർണയ പഠനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ നേരിട്ട് ബാധിച്ച

മൊത്തം 4 കുടുംബങ്ങളെയാണ് കണ്ടെത്തിയത്. ആഘാതബാധിത കുടുംബങ്ങളെയുമായുള്ള അഭിമുഖങ്ങളും ഗാർഹിക അന്വേഷണങ്ങളും നടത്തി അവരുടെ സാമൂഹ്യ സാമ്പത്തിക സ്ഥിതി, ഉടമസ്ഥത, തൊഴിൽ മാതൃക ഏറ്റെടുക്കലിനെപ്പറ്റിയുള്ള ആവലാതി എന്നിവ സംബന്ധിച്ച വിവരശേഖരണം നടത്തി.

പ്രസ്തുത പഠനത്തിലെ കണ്ടെത്തലുകൾ അടിസ്ഥാനമാക്കി നിയമം, 2013ലെ വ്യവസ്ഥകൾ പ്രകാരം, ഒരു സാമൂഹികആഘാത നിയന്ത്രണ പദ്ധതി (SIMP) തയ്യാറാക്കി. കണ്ടെത്തിയ ആഘാതത്തിന്റെ സ്വഭാവവും തോതും, ശുപാർശ ചെയ്ത ലഘൂകരണ നടപടികളും, ന്യായമായ നഷ്ടപരിഹാരവും മറ്റ് ആവശ്യമായ സഹായവും ലഭിക്കുന്നതിന് കൈക്കൊള്ളേണ്ട നടപടികൾ നിയന്ത്രണ പദ്ധതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

### സാമൂഹ്യപ്രത്യാഘാത പഠനം സമീപനങ്ങളും രീതിശാസ്ത്രവും

| ഘട്ടം I | അവലോകനം- പഠനം- ചർച്ചകൾ | ഫീൽഡ് തല പ്രവർത്തനങ്ങൾ |
|---|---|---|
| പഠന മുന്നൊരുക്ക പ്രവർത്തനങ്ങൾ | • ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ -ചർച്ച<br>• സംയുക്ത തല പരിശോധന<br>• ബന്ധപ്പെട്ട നിയമങ്ങൾ/ചട്ടങ്ങൾ പഠനം<br>• അനുബന്ധ ഉത്തരവുകൾ -പഠനം<br>• അനുബന്ധങ്ങൾ രേഖകൾ കണ്ടെത്തൽ/ പഠനം<br>• തദ്ദേശഭരണ പ്രതിനിധികൾ -ചർച്ചകൾ | • ദ്വിതീയ വിവരണ ശേഖരണം<br>• ചോദ്യാവലി തയ്യാറാക്കൽ<br>• പഠനസംഘ രൂപീകരണം<br>• പഠനസംഘ പരിശീലനം |
| **ഘട്ടം II** | **ഫീൽഡ് തല വിവരണശേഖരണം** | **നടത്തിപ്പ്/ക്രമീകരണങ്ങൾ** |
| സാമൂഹ്യ പ്രത്യാഘാത പഠനം | • പദ്ധതി ബാധിതരുടെ വിവരശേഖരണം<br>• സാമൂഹ്യ-സാമ്പത്തിക വിവരശേഖരണം<br>• അഭിമുഖം ചർച്ചകൾ<br>• പൊതുജനങ്ങളുമായുള്ള ആശയവിനിമയം<br>• കേന്ദ്രീകൃത സംഘ ചർച്ചകൾ<br>• വകുപ്പ് ഉദ്യോഗസ്ഥന്മാരുമായുള്ള ചർച്ചകൾ | • നിയമ-ചട്ട- നിർദ്ദേശങ്ങളുടെ അവലോകനം<br>• ഫീൽഡ് പ്രവർത്തനം ആസൂത്രണം<br>• പുനരധിവാസ കർമ്മ പദ്ധതി ചർച്ച<br>• കരട് റിപ്പോർട്ട് തയ്യാറാക്കൽ |
| **ഘട്ടം III** | **വിവര വിശകലന റിപ്പോർട്ട്** | **പഠന റിപ്പോർട്ടിന്മേലുള്ള ചർച്ച** |
| പഠനാനന്തരം | • സ്ഥിതിവിവര ക്രോഡീകരണം - വിശകലനം<br>• പദ്ധതി ബാധിതരുടെ പട്ടിക തയ്യാറാക്കൽ<br>• പഠന റിപ്പോർട്ടിന്റെ അന്തിമ രൂപരേഖ<br>• കരട് റിപ്പോർട്ട് തയ്യാറാക്കൽ/ പസിദ്ധീകരണം<br>• പബ്ലിക് ഹീയറിംഗ്<br>• അന്തിമ റിപ്പോർട്ടർ തയ്യാറാക്കൽ/ സമർപ്പണം | • പബ്ലിക് ഹിയറിംഗ് സംഘാടനം<br>• കരട് പഠന റിപ്പോർട്ട് അവതരണം<br>• പദ്ധതി ബാധിതരുടെ നിർദ്ദേശങ്ങൾ പരാതികൾ സ്വീകരിക്കൽ<br>• അന്തിമ റിപ്പോർട്ട് സമർപ്പണം |

### 3.3 പഠനത്തിന്റെ സമീപനവും പ്രവർത്തനരീതിയും

താഴെ കൊടുത്തിരിക്കുന്ന പ്രധാന നടപടികൾ ഉൾക്കൊള്ളുന്ന ഒരു സംഘടിത സമീപനം സ്വീകരിച്ചുകൊണ്ടാണ് മണിയൂർ സബ്സ്റ്റേഷന്റെ സാമൂഹികാഘാത നിർണയം നിർവ്വഹിച്ചത്.

ഗസറ്റ് വിജ്ഞാപനം, സ്ഥല ആധാരങ്ങൾ പദ്ധതി പ്രദേശത്തിന്റെ അളവ് രേഖകൾ എന്നിവ അടങ്ങിയ പ്രസക്തമായ ദ്വിതീയ വിവരങ്ങളുടെ പുനഃപരിശോധനയോടുകൂടിയാണ് പഠനം ആരംഭിച്ചത്. ഇതിനുശേഷം, ഒരു സംഘടിത ചോദ്യാവലി മണിയൂരിലെ നാല് ആഘാത ബാധിതകുടുംബങ്ങൾക്കും നൽകിക്കൊണ്ട് ഒരു മേഖലാതല കുടുംബാവലോകനം നടത്തി. ഏറ്റെടുക്കൽ സ്ഥലത്തിനുള്ളിലുള്ള തുണ്ട് ഭൂമികളും സ്വത്തുക്കളും നേരിട്ട് ബോധ്യപ്പെടുന്നതിനായി ഒരു സംയുക്ത പരിശോധന നടത്തുകയുണ്ടായി. ഈ പ്രവർത്തനങ്ങളുടെ കണ്ടെത്തലുകളെ അടിസ്ഥാനമാക്കി ഒരു ആഘാത നിയന്ത്രണപദ്ധതി നിയമം 2013 പ്രകാരം തയ്യാറാക്കി.

### 3.4 ഡെസ്ക് റിസേർച്ച്

മണിയൂർ പദ്ധതിക്ക് വേണ്ടി നടത്തിയ സാമൂഹികാഘാത പഠനത്തിന്റെ ആദ്യഘട്ടം മേശപ്പുറ ഗവേഷണമായിരുന്നു. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട മുഴുവൻ പ്രസക്തമായ രണ്ടാംനിര വിവരങ്ങളുടെയും ഔദ്യോഗിക രേഖകളുടെയും ശേഖരണവും അവലോകനവും ഇതിൽ ഉൾപ്പെടുന്നു. നിയമം 2013-ന്റെ വിഭാഗം 4(1) പ്രകാരം പ്രസിദ്ധീകരിച്ച കേരള സർക്കാർ ഗസറ്റ് വിജ്ഞാപനം, ഭൂമിയുടെ രേഖകൾ, സർവ്വേ രേഖകൾ, പദ്ധതി പ്രദേശത്തെ സംബന്ധിച്ച വില്ലേജ് ഓഫീസ് രേഖകൾ എന്നീ പ്രധാനപ്പെട്ട രേഖകളുടെ അവലോകനം ഗവേഷണത്തിന്റെ ഭാഗമായിരുന്നു. പദ്ധതിയുടെ പശ്ചാത്തലം, ഏറ്റെടുക്കൽ ഭൂമിയുടെ വിസ്തൃതി, സ്ഥാനം, സ്ഥലത്തിന്റെ ഉടമസ്ഥതയും തരവും, ഏറ്റെടുക്കലിനെപ്പറ്റിയുള്ള നിയമവശം എന്നിവയെ സംബന്ധിച്ച് വ്യക്തമായ അറിവ് ലഭിക്കുവാൻ ഈ ഗവേഷണം സഹായിച്ചു. പഠനത്തിന്റെ ഭാഗമായ തുടർന്നുള്ള മേഖലാ പരിശോധനകളുടെയും വിവര ശേഖരണ പ്രവർത്തനങ്ങളുടെയും അടിസ്ഥാനമിടാൻ ഈ അറിവ് സഹായിച്ചു.

### 3.5 പഠനസംഘത്തെ പറ്റിയുള്ള വിവരങ്ങൾ

സാമൂഹികാഘാത നിർണ്ണയം നടത്തിയത് യൂത്ത് സോഷ്യൽ സർവീസ് സംഘടന സംഘടിപ്പിച്ച ഒരു വിദഗ്ധ സംഘമാണ്. സാമൂഹിക ഗവേഷണം, വികസന പഠനങ്ങൾ,

സാമൂഹ്യ സാമ്പത്തിക പരിശോധനകൾ, ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾ എന്നിവകളിൽ വൈദഗ്ധ്യമുള്ള പ്രവർത്തകരാണ് സംഘാംഗങ്ങൾ.

| ക്രമ നമ്പർ | പേര് | യോഗ്യതയും സ്ഥാനപ്പേരും | പരിചയം |
|---|---|---|---|
| 1 | ഷൈബി ജോസ് | MBA – MHRM ടീം ലീഡർ | YSSO യുടെ വികസന വിഭാഗത്തിൽ 10 വർഷ പരിചയം |
| 2 | കുര്യാക്കോസ് ജോർജ് | LLB<br>പ്രോജക്ട് കോഡിനേറ്റർ | വികസന വിഭാഗത്തിൽ 15 വർഷ പരിചയം |
| 3 | ബൈജു പി ടി | MSW<br>റിസർച്ച് അസോസിയേറ്റ് | വികസന വിഭാഗത്തിൽ 10 വർഷ പരിചയം |
| 4 | ജെറാൾഡ് മാർട്ടിൻ | MSW<br>റിസർച്ച് അസോസിയേറ്റ് | വികസന വിഭാഗത്തിൽ 4 വർഷ പരിചയം |
| 5 | അലീറ്റ വി.വി. | MSW<br>റിസർച്ച് അസോസിയേറ്റ് | ഇന്റേൺഷിപ്പ് ട്രെയിനി |
| 6 | പ്രഫൂൽ ഷാജി | MSW<br>റിസർച്ച് അസോസിയേറ്റ് | ഇന്റേൺഷിപ്പ് ട്രെയിനി |
| 7 | ഗൗരി എസ്.കൈമൾ | MSW<br>റിസർച്ച് അസോസിയേറ്റ് | ഇന്റേൺഷിപ്പ് ട്രെയിനി |

### 3.6 സ്ഥല സന്ദർശനങ്ങളും വിവരപ്രചരണവും

ആഘാത നിർണ്ണയ പഠനത്തിന്റെ ഭാഗമായി, മണിയൂർ ഗ്രാമത്തിലെ പദ്ധതി പ്രദേശത്ത് സംഘം സ്ഥല സന്ദർശനങ്ങൾ നടത്തുകയുണ്ടായി. സ്ഥലത്തിന്റെ യഥാർത്ഥ സ്ഥിതി നിരീക്ഷിക്കുവാനും, സ്ഥലത്തിന്റെ ഉപയോഗം ബോധ്യപ്പെടുന്നതിനും, വസ്തുതകൾ എത്ര മാത്രം ബാധിക്കപ്പെട്ടെന്ന് തിട്ടപ്പെടുത്താനും ആഘാതബാധിത കുടുംബങ്ങളോട് നേരിട്ട് ഇടപെടാനുമാണ് സന്ദർശനങ്ങൾ നടത്തിയത്.

സന്ദർശന വേളയിൽ സംഘം ആഘാതബാധിതരായ 4 കുടുംബങ്ങളെയും കണ്ട്, പ്രത്യേകം തയ്യാറാക്കിയ സാമൂഹ്യ സാമ്പത്തിക സർവ്വേ ഫോർമാറ്റ് ഉപയോഗിച്ച് വീട് വീടാന്തര സർവേ നടത്തി. നിർദ്ദിഷ്ടഭൂമി ഏറ്റെടുക്കലിന്റെ ഉദ്ദേശവും വ്യാപ്തിയും ആഘാതബാധിത

കുടുംബങ്ങൾക്ക് വ്യക്തമായും സ്വകാര്യമായും സംഘം വിശദീകരിച്ചു കൊടുത്തു. ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസ സഹായത്തിനും വേണ്ടിയുള്ള അവരുടെ അവകാശം നിയമം 2013 പ്രകാരം ലഭിക്കുമെന്ന് കുടുംബങ്ങളെ അറിയിച്ചു.

സ്ഥലമേറ്റെടുപ്പ് സംബന്ധിച്ച അഭിപ്രായങ്ങളും ഉത്കണ്ഠകളും നിർദ്ദേശങ്ങളും പ്രകടിപ്പിക്കാനുള്ള അവസരം ആഘാതബാധിത കുടുംബങ്ങൾക്ക് നൽകി. ആ പ്രതികരണങ്ങളിൽ അവർ പങ്കുവെച്ച വിവരങ്ങൾ യഥാവിധി രേഖപ്പെടുത്തുകയും ഈ റിപ്പോർട്ട് തയ്യാറാക്കുന്ന സമയം അവ പരിഗണനയിലെടുക്കുകയും ചെയ്തു. കൂടാതെ, ഈ നടപടികളാകമാനം സഹകരണവും സുതാര്യവുമായ വിധത്തിൽ നിയമത്തിന്റെ ഉദ്ദേശശുദ്ധി പാലിച്ചു കൊണ്ടാണ് നടത്തിയതെന്ന് സംഘം ഉറപ്പുവരുത്തി.

### 3.7 സാമൂഹ്യ സാമ്പത്തിക സർവേ

RFCTLARR-നിയമം, 2013-ന്റെ അനുബന്ധം 2 പ്രകാരമുള്ള നിശ്ചിത ഫോറം-1 ഉപയോഗിച്ച് മണിയൂരിലെ ഭൂമി ഏറ്റെടുക്കൽ മൂലം നേരിട്ട് ആഘാതബാധിതരായ നാലു കുടുംബങ്ങളുടെയും ഒരു സാമൂഹ്യ സാമ്പത്തിക പരിശോധന നടത്തിക്കുകയുണ്ടായി. 4 കുടുംബങ്ങളും ഹിന്ദുമതത്തിൽപ്പെട്ടവരാണ്. 3 കുടുംബങ്ങൾ പൊതുവിഭാഗത്തിലും, ഒരു കുടുംബം പട്ടികജാതി വിഭാഗത്തിലും മൂന്നു കുടുംബക്കാർ ദാരിദ്ര്യ രേഖയ്ക്ക് മുകളിൽ (APL) എന്ന വിഭാഗത്തിലും ദിവസവേതന തൊഴിലാളികളായ നാലാമത്തെ കുടുംബം ദാരിദ്ര്യ രേഖക്ക് താഴെ എന്ന വിഭാഗത്തിലും പെട്ടവരാണ്. കുടുംബാംഗങ്ങൾ പൊതുവിദ്യാഭ്യാസം ലഭിച്ചവരാണ്. എസ്.എസ്.എൽ.സി. മുതൽ പി.ജി. വരെയും തൊഴിലധിഷ്ഠിത ജീവിത വൃത്തിക്കാരും APL വിഭാഗത്തിൽപ്പെട്ടവരുടെ ജീവിതമാർഗം 25000 മുതൽ 50000 രൂപവരെ വരുമാനമുള്ള സ്വകാര്യമേഖല തൊഴിലാളികളോ കച്ചവടക്കാരോ ആണ്. ആഘാത ബാധിത വസ്തുക്കളെല്ലാം വിലക്ക് വാങ്ങിയതോ പൈതൃകമായി ലഭിച്ചതോ ആയ വീടും വീടുള്ള പറമ്പോ ആണ്.

### 3.8 വിവരസമാഹരണവും സാധുവൽക്കരണവും

ആഘാത നിർണ്ണയ പഠനത്തിലൂടെ സംഭരിച്ച മുഴുവൻ പ്രാഥമികവും രണ്ടാംതര വിവരങ്ങളും, കൃത്യതയും പൂർണ്ണതയും ഉറപ്പാക്കുന്നതിനായി സമാഹരിക്കുകയും സാധുവാക്കുകയും ചെയ്തു. കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക പരിശോധനയിലൂടെ ലഭിച്ച വിവരങ്ങൾ, ലഭ്യമായ റവന്യൂ രേഖകൾ, ഭൂമിയുടെ രേഖകൾ, മറ്റ് ഔദ്യോഗിക ഉറവിടങ്ങൾ എന്നിവയുമായി ഒത്തുനോക്കി, അവ ആഘാതബാധിത കുടുംബങ്ങളുടെയും വസ്തുക്കളു

ടെയും ആണെന്ന് ഉറപ്പുവരുത്തി. പഠന വിഭാഗത്തിന്റെ ടീം ലീഡറും പദ്ധതി കോർഡിനേ റ്ററും സർവ്വേ രേഖകളെല്ലാം പരിശോധിച്ച് സ്ഥിരതയും പൂർണ്ണതയും ഉറപ്പുവരുത്തി. പരിശോധനയിൽ കണ്ടെത്തിയ പൊരുത്തക്കേടുകളും പഴുതുകളുമാണ് കുടുംബക്കാരു മായി ചർച്ചചെയ്ത് ശരിയാക്കി ഇപ്രകാരം സമാഹരിച്ച വിവരശേഖരണമാണ് നിർദ്ദിഷ്ടഭൂമി ഏറ്റെടുക്കലിന്റെ സ്വഭാവവും വലിപ്പവും നിർണയിക്കുന്നതിനും നിയമം 2013 അനുസരണ മായ ആഘാതം നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിനും ഉപയോഗിച്ചത്.

### 3.9 വിവരവിശകലനവും റിപ്പോർട്ട് തയ്യാറാക്കലും

നിർദ്ദിഷ്ട സ്ഥലം ഏറ്റെടുക്കൽ, ആഘാതബാധിത കുടുംബങ്ങളുടെ മേൽ ചെലുത്തിയ സാമൂഹിക-സാമ്പത്തിക ആഘാതങ്ങൾ നിർണയിക്കുവാനായി, പ്രാഥമികവും രണ്ടാംതരവു മായ ഉറവിടങ്ങളിൽ നിന്നും സംഭരിച്ച വിവരങ്ങൾ ചിട്ടയായി വിശകലനം ചെയ്യുകയു ണ്ടായി. വിശകലനം ശ്രദ്ധ കേന്ദ്രീകരിച്ച പ്രധാന വിഷയങ്ങൾ കുടുംബങ്ങളുടെ ജനസംഖ്യ സംബന്ധവും സാമൂഹ്യ സാമ്പത്തികവുമായ കാര്യങ്ങളും സ്ഥലത്തിന്റെ സ്വഭാവവും വിസ്തൃതിയും ജീവിതവൃത്തിക്ക് സംഭവിക്കാവുന്ന തടസ്സങ്ങളും, സ്ഥലപരിശോധനാ വേള യിൽ കുടുംബങ്ങൾ പ്രകടിപ്പിച്ച ഉത്കണ്ഠകളുമാണ്. വിശകലനത്തിലെ കണ്ടെത്തലുകൾ പദ്ധതിയുടെ സാമൂഹികാഘാതം നിർണയിക്കുന്നതിനും അനുയോജ്യമായ ലഘൂകരണ നടപടികൾ ശുപാർശ ചെയ്യുന്നതിനും വേണ്ടി ഉപയോഗപ്രദമായി.

വിവര വിശകലനം അടിസ്ഥാനമാക്കിയാണ് നിയമം 2013ന്റെയും കേരള സർക്കാരിന്റെ മാർഗനിർദേശങ്ങളും പ്രകാരമുള്ള സാമൂഹികാഘാത നിർണ്ണയ റിപ്പോർട്ട് തയ്യാറാക്കിയത്. പദ്ധതിയുടെ ബൃഹത്തായ പുനരവലോകനം, ആഘാതബാധിതപ്രദേശം, ആഘാതബാധിത കുടുംബങ്ങളുടെ സാമൂഹിക സാമ്പത്തികാഘാതം, സാമൂഹ്യാഘാതം, ശുപാർശ ചെയ്തിട്ടു ള്ള ലഘൂകരണ നടപടികൾ എന്നിവയാണ് റിപ്പോർട്ട് കാഴ്ചവയ്ക്കുന്നത്. സ്ഥലം ഏറ്റെടു ക്കൽ മുഖാന്തരം സംഭവിക്കാവുന്ന പ്രതികൂലഫലങ്ങൾ കുറയ്ക്കുവാൻ സ്വീകരിക്കേണ്ട നടപടികൾ വിവരിക്കുന്നതും ബാധ്യത കുടുംബങ്ങൾക്ക് ന്യായവും സമയോചിതവുമായ നഷ്ടപരിഹാരവും പുനരധിവാസ സഹായവും ലഭിക്കും എന്ന് ഉറപ്പുനൽകുന്നതുമാണ് പ്രസ്തുത റിപ്പോർട്ട്.

### 3.10 പൊതുവിസ്താരവും പൊതുജന കൂടിആലോചനകളും

നിയമം 2013 പ്രകാരമുള്ള സാമൂഹികാഘാത നിർണയ പ്രക്രിയയുടെ ഭാഗമായി റിപ്പോർട്ടി ന്റെ പൂർത്തീകരണത്തിനും സമർപ്പണത്തിനും ശേഷം ഒരു പൊതുവിസ്താരം നടത്തേ

ണ്ടതാണ്. ആഘാതബാധിത കുടുംബങ്ങൾക്കും പദ്ധതി പ്രദേശത്തെ പൊതുജനങ്ങൾക്കും റിപ്പോർട്ടിലെ കണ്ടെത്തലുകൾ വിലയിരുത്താനും തങ്ങളുടെ എതിർപ്പോ പ്രയാസങ്ങളോ പ്രകടിപ്പിക്കാനും, നിർദ്ദിഷ്ട ഏറ്റെടുക്കലിനെപ്പറ്റിയോ ലഘൂകരണ നടപടികളെപ്പറ്റിയോ ഉള്ള നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കാനോ ഉതകുന്ന അവസരമാണ് പൊതുവിസ്താരം പ്രദാനം ചെയ്യുന്നത്.

## പൊതുവിസ്താരം

### 3.11 പഠനത്തിന്റെ പരിമിതികൾ

തികച്ചും മികവോടും ചിട്ടയോടും സംഘടിപ്പിച്ച ഒരു സാമൂഹികാഘാത നിർണയം ആണെങ്കിലും പഠനവേളയിൽ ചില പരിമിതികൾ നേരിടേണ്ടിവന്നു. ചില ആഘാതബാധിത കുടുംബങ്ങൾ വിശദമായ അവരുടെ വ്യക്തിപരവും സാമ്പത്തികവുമായ വിവരങ്ങൾ നൽകാൻ തുടക്കത്തിൽ മടികാണിച്ചിരുന്നു. ഇതുമൂലം ചില സാമൂഹ്യസാമ്പത്തിക വിശദാംശങ്ങൾ പൂർണമായി വെളിപ്പെട്ടിട്ടില്ല. വിവരശേഖരണത്തിലും വിശകലനത്തിലും നിയമം-2013 സമയത്തിന്റെ കാര്യത്തിൽ ചില നിയന്ത്രണങ്ങൾ നിഷ്കർഷിക്കുന്നത് മൂലം പ്രസ്തുത പഠനം 45 ദിവസങ്ങൾക്കുള്ളിൽ പൂർത്തീകരിക്കണമായിരുന്നു. കൂടാതെ പദ്ധതി പ്രദേശത്തുള്ള നേരിട്ട് ബാധിതരായ കുടുംബങ്ങളെ മാത്രമേ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. ചുറ്റുപാടുമുള്ള ജനവിഭാഗങ്ങളിലെ പ്രത്യക്ഷവും പരോക്ഷവുമായ ആഘാതങ്ങളുടെ വിശദാംശങ്ങൾ പരിശോധിക്കപ്പെട്ടിട്ടില്ല. രണ്ടാംതര വിവരങ്ങൾ റവന്യൂ രേഖകളിലും പഞ്ചായത്ത് രേഖകളിലുമാണുള്ളത്. സ്ഥലത്തെ ഏറ്റവും പുതിയ നിലവിലെ വിവരങ്ങൾ ഇവയിൽ പ്രതിഫലിക്കുന്നില്ല. ഈ പരിമിതികളൊക്കെ ഉണ്ടായിരുന്നെങ്കിലും, ഈ റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന കണ്ടെത്തലുകളും ശുപാർശകളും കൃത്യവും വസ്തുനിഷ്ഠവും പ്രദേശത്തിന്റെ യഥാർത്ഥ സ്ഥിതിയുടെ പ്രതിഫലനവുമാണെന്ന് ഉറപ്പു നൽകാനുതകുന്ന കഠിനപ്രയത്നം ചെയ്തിട്ടുണ്ട്.

## അദ്ധ്യായം 4

# സ്ഥല നിർണ്ണയം

### 4. മുഖവുര

### 4.1. പദ്ധതിയുടെ സ്വാധീനത്തിനുള്ള ആകെ ആഘാതമേഖല

നിർദിഷ്ടമണിയൂർ 110KV എയർ ഇൻസുലേറ്റഡ് സബ്സ്റ്റേഷന്റെ നിർമ്മാണം സൃഷ്ടിക്കുന്ന ആഘാതത്തിന്റെ പ്രദേശം കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെ മണിയൂർ ഗ്രാമ ത്തിൽ മാത്രമാണ്. പദ്ധതി പ്രദേശം മണിയൂർ റവന്യൂ ഗ്രാമത്തിലും ഏറ്റെടുക്കൽ ഉദ്ദേശി ക്കുന്ന സ്ഥലം മുടപ്പിലാവിലും ആണ്. സർവ്വേ നമ്പർ 81/35, 81/34, 81/37, 81/33 എന്നിവകളി ൽപ്പെട്ട തുണ്ട് ഭൂമികൾ മൊത്തം 0.3168 ഹെക്ടറുകളിലായി കിടക്കുന്നതാണ് പദ്ധതിയുടെ ആകെ സ്വാധീന മേഖല. ഈ മേഖലയിലുള്ള മൊത്തം നാലു കുടുംബങ്ങളാണ് സ്ഥലം ഏറ്റെടുക്കൽ മുഖാന്തിരം നേരിട്ട് ആഘാതബാധിതർ ആയിട്ടുള്ളത്. പദ്ധതി പ്രദേശത്തിനോട് ചേർന്ന് കിടക്കുന്ന സ്ഥലത്തിന് അപ്പുറമായി സ്ഥിതിചെയ്യുന്ന ചുറ്റുമുള്ള പ്രദേശത്തോ ജനവിഭാഗത്തിനോ സാരമായ യാതൊരു പരോക്ഷ ആഘാതവും ഇല്ല.

### 4.2 പദ്ധതിക്ക് ആവശ്യമായ സ്ഥലം

മണിയൂർ സബ്സ്റ്റേഷന്റെ നിർമ്മാണത്തിന് ആവശ്യമായ മൊത്തം 0.3168 ഹെക്ടർ സ്ഥലം മണിയൂർ ഗ്രാമത്തിലാണ്. ഈ സ്ഥലം വീടും വീട് നിൽക്കുന്ന പറമ്പും ഒരു ഭാഗം കൃഷി ഭൂമിയുമാണ്.

ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര് | ഗ്രാമം | വാർഡ് | സർവ്വേ നമ്പർ | സ്ഥലത്തിന്റെ അളവ് |
|---|---|---|---|---|---|
| 1 | രാജഗോപാലൻ കെ. | മണിയൂർ | 3 | 81/35, 81/34 | 11.7 സെന്റ് |
| 2 | മിഥുൻ എം.ജി. | മണിയൂർ | | 81/33 | |
| 3 | നരേന്ദ്രൻ കെ. | മണിയൂർ | 3 | 81/37 | |
| 4 | വിജിത്ത് കെ.കെ.+ ആതിര സി.കെ. | മണിയൂർ | 2 | 81/35-3 | |

### 4.3 പൊതുസ്ഥലത്തിന്റെ ഉപയോഗം

മണിയൂർ സബ്സ്റ്റേഷന് വേണ്ടി ഏറ്റെടുക്കുന്ന ഭൂമിയിൽ പൊതുസ്ഥലം ഉൾപ്പെടുന്നില്ല. ഏറ്റെടുക്കേണ്ട മൊത്തം 0.3168 ഹെക്ടർ സ്ഥലം സ്വകാര്യ ഉടമസ്ഥരായ 4 കുടുംബങ്ങളുടേതാണ്. സർക്കാർഭൂമിയോ പുറമ്പോക്ക് ഭൂമിയോ സമുദായം വക ഭൂമിയോ ഇതിൽ ഉൾപ്പെടുന്നില്ല. അതുപോലെതന്നെ, പൊതുഉപയോഗ ഉപകരണങ്ങളുടെ സ്ഥാനചലനമോ പൊതുഭൂമി കയ്യേറ്റമോ ഉൾപ്പെടുന്നില്ല.

## അദ്ധ്യായം 5

# മൂല്യനിർണ്ണയവും കണക്കെടുപ്പും

### 5. മുഖവുര

### 5.1 പ്രത്യക്ഷ ബാധിതർ

നിർദ്ദിഷ്ട മണിയൂർ സബ്സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് പ്രത്യക്ഷമായി ബാധിക്കുന്നത് 4 കുടുംബക്കാരുടെ സ്വന്തം വീടോ, വീട് സ്ഥിതിചെയ്യുന്ന പറമ്പോ ആണ്. ഇവർ വിവിധ പ്രായക്കാരും സാമൂഹ്യ സാമ്പത്തിക പശ്ചാത്തലത്തിൽ പെടുന്നവരുമാണ്. 3 കുടുംബക്കാർ പൊതു മതവിഭാഗത്തിലും ഒരു കുടുംബം പട്ടികജാതി വിഭാഗത്തിലും പെട്ടവരാണ്. മൂന്ന് വീട്ടുകാർ ദാരിദ്ര്യരേഖക്ക് മുകളിലും ഒരു കുടുംബം ദാരിദ്ര്യരേഖക്ക് താഴെയും ഉള്ളവരാണ്. കുടികിടപ്പുകാരോ കയ്യേറ്റക്കാരോ ഉള്ളവരായി അറിവില്ല.

### 5.2 ഭൂമിയുടെ ഉടമസ്ഥതയുടെ ദൈർഘ്യം

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര് | സർവ്വേ നമ്പർ | കൈവശ അവകാശത്തിന്റെ വർഷം |
|---|---|---|---|
| 1 | രാജഗോപാലൻ കെ. | 81/35, 81/34 | ഏപ്രിൽ 2011 |
| 2 | മിഥുൻ എം.ജി. | 81/33 | ഓഗസ്റ്റ് 2023 |
| 3 | നരേന്ദ്രൻ കെ. | 81/37 | ഏപ്രിൽ 2011 |
| 4 | വിജിത്ത് കെ.കെ.+ ആതിര സി.കെ. | 81/35-3 | ജൂലൈ 2023 |

### 5.3 മുൻകാല സ്ഥലം കൈമാറ്റങ്ങൾ

ആഘാതബാധിത തുണ്ട് ഭൂമിയുടെ ഉടമസ്ഥാവകാശം സാമൂഹ്യ-സാമ്പത്തിക പരിശോധന യിലൂടെയും ലഭ്യമായ റവന്യൂ രേഖകളിലൂടെയും സ്ഥിരീകരിച്ചു. ഉടമസ്ഥതയുടെയും കൈവശ രീതിയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു

### പട്ടിക 5.4 ഉടമസ്ഥത

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര് | സർവ്വേ നമ്പർ | ഉടമസ്ഥതയുടെ സ്വഭാവം | കൈമാറ്റത്തിന്റെ സ്വഭാവം |
|---|---|---|---|---|
| 1 | രാജഗോപാലൻ കെ. | 81/35, 81/34 | സ്വകാര്യം | പൈതൃക അവകാശം |
| 2 | മിഥുൻ എം.ജി. | 81/33 | സ്വകാര്യം | വിലക്ക് വാങ്ങിയത് |
| 3 | നരേന്ദ്രൻ കെ. | 81/37 | സ്വകാര്യം | വിലക്ക് വാങ്ങിയത് |
| 4 | വിജിത്ത് കെ.കെ.+ ആതിര സി.കെ. | 81/35-3 | സ്വകാര്യം | വിലക്ക് വാങ്ങിയത് |

### 5.5 പദ്ധതിയുടെ പരോക്ഷ ആഘാത ബാധിത കുടുംബങ്ങൾ

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ പരോക്ഷമായി ഒരു കുടുംബത്തെയും ബാധിക്കുന്നില്ല. പദ്ധതി പ്രദേശം നാലു കുടുംബങ്ങളിൽ മാത്രം ഒതുങ്ങിയതാണ്. സബ്സ്റ്റേഷന്റെ നിർമ്മാണം ചുറ്റുപാടുള്ള ഒരു ജനവിഭാഗത്തെയും ദോഷകരമായി ബാധിക്കുന്നില്ല. നേർവിപരീതമായി, മെച്ചപ്പെട്ടതും വിശ്വാസയോഗ്യവുമായ വിദ്യുച്ഛക്തി പ്രസരണവും വോൾട്ടേജ് പ്രശ്നത്തിന്റെ പരിഹാരവുമാണ് പദ്ധതി കൂടുതൽ ജനങ്ങൾക്ക് ഗുണകരമായി പ്രദാനം ചെയ്യുമെന്ന് പ്രതീക്ഷിക്കപ്പെടുന്നത്.

### 5.6 ആദായം ലഭിക്കുന്ന സ്വത്തുക്കളുടെ പട്ടിക

ആഘാതബാധിത ഭൂമിയിൽ സ്ഥിതിചെയ്യുന്ന വരുമാനം നൽകുന്ന സ്വത്തുക്കളുടെ പട്ടിക സ്ഥലപരിശോധനാ വേളയിൽ തയ്യാറാക്കുകയുണ്ടായി. അപ്രകാരം കണ്ടെത്തിയ വൃക്ഷങ്ങളുടെയും സ്വത്തുകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര് | സർവ്വേ നമ്പർ | സ്വത്തുകൾ | എണ്ണം |
|---|---|---|---|---|
| 1 | രാജഗോപാലൻ കെ. | 81/35, 81/34 | തെങ്ങ് | 2 |
| 2 | മിഥുൻ എം.ജി. | 81/33 | - | - |
| 3 | നരേന്ദ്രൻ കെ. | 81/37 | തെങ്ങ്, പ്ലാവ്, മാവ്, ക്വീൻസാഗോ മരം | 3, 2, 3, 1 |
| 4 | വിജിത്ത് കെ.കെ.+ ആതിര സി.കെ. | 81/35-3 | തെങ്ങ്, മാവ് | 6,1 |

അദ്ധ്യായം 6

# ആഘാത ബാധിത പ്രദേശത്തിന്റെ സാമൂഹ്യ– സാമ്പത്തിക– സാംസ്കാരിക രൂപരേഖ

## 6. മുഖവുര

### ആഘാത ബാധിതരായ കുടുംബങ്ങളുടെയും വ്യക്തികളുടെയും വിവരം

### 6.1 ജനസംഖ്യയുടെ വിവരങ്ങൾ

സാമൂഹ്യ-സാമ്പത്തിക പരിശോധനാ വേളയിൽ രേഖപ്പെടുത്തിയ 4 ആഘാതബാധിത കുടുംബങ്ങളിലെ ജനസംഖ്യയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്ന പട്ടികയിൽ കാണാം.

| ക്രമ നമ്പർ | ഉടമയുടെ പേര് | സർവ്വേ നമ്പർ | മൊത്തം അംഗങ്ങൾ | പുരുഷൻ | സ്ത്രീ |
|---|---|---|---|---|---|
| 1 | രാജഗോപാലൻ കെ. | 81/35, 81/34 | 4 | 2 | 2 |
| 2 | മിഥുൻ എം.ജി. | 81/33 | 4 | 2 | 2 |
| 3 | നരേന്ദ്രൻ കെ. | 81/37 | 4 | 2 | 2 |
| 4 | വിജിത്ത് കെ.കെ.+ ആതിര സി.കെ. | 81/35-3 | 9 | 4 | 5 |

### പട്ടിക 6.2 മതവിഭാഗം

| ക്രമ നമ്പർ | ഉടമയുടെ പേര് | മതം |
|---|---|---|
| 1 | രാജഗോപാലൻ കെ. | ഹിന്ദു |
| 2 | മിഥുൻ എം.ജി. | ഹിന്ദു |
| 3 | നരേന്ദ്രൻ കെ. | ഹിന്ദു |
| 4 | വിജിത്ത് കെ.കെ.+ ആതിര സി.കെ. | ഹിന്ദു |

### പട്ടിക 6.3 സാമൂഹിക വിഭാഗം

| ക്രമ നമ്പർ | ഉടമയുടെ പേര് | മതവിഭാഗം |
|---|---|---|
| 1 | രാജഗോപാലൻ കെ. | പൊതുവിഭാഗം |
| 2 | മിഥുൻ എം.ജി. | പൊതുവിഭാഗം |
| 3 | നരേന്ദ്രൻ കെ. | പൊതുവിഭാഗം |
| 4 | വിജിത്ത് കെ.കെ.+ ആതിര സി.കെ. | പട്ടിക ജാതി |

### പട്ടിക 6.4 വൈവാഹിക സ്ഥിതി

| ക്രമ നമ്പർ | ഉടമയുടെ പേര് | വൈവാഹിക സ്ഥിതി |
|---|---|---|
| 1 | രാജഗോപാലൻ കെ. | വിവാഹിതൻ |
| 2 | മിഥുൻ എം.ജി. | വിവാഹിതൻ |
| 3 | നരേന്ദ്രൻ കെ. | വിവാഹിതൻ |
| 4 | വിജിത്ത് കെ.കെ.+ ആതിര സി.കെ. | വിവാഹിതർ |

### പട്ടിക 6.5 കുടുംബ ഘടന

| ക്രമ നമ്പർ | ഉടമയുടെ പേര് | കുടുംബഘടന |
|---|---|---|
| 1 | രാജഗോപാലൻ കെ. | അണുകുടുംബം |
| 2 | മിഥുൻ എം.ജി. | അണുകുടുംബം |
| 3 | നരേന്ദ്രൻ കെ. | അണുകുടുംബം |
| 4 | വിജിത്ത് കെ.കെ.+ ആതിര സി.കെ. | കൂട്ടുകുടുംബം |

### പട്ടിക 6.6 വിദ്യാഭ്യാസ നിലവാരം

| വിവരണം | | | |
|---|---|---|---|
| എൽ.കെ.ജി. | | | |
| ബിരുദം | | | |
| സാങ്കേതികം | | | |
| അനൗപചാരികം | | | |

### വരുമാനവും സാമ്പത്തിക സ്ഥിതിയും

### പട്ടിക 6.7 പ്രതിമാസ വരുമാനം

| ക്രമ നമ്പർ | ഉടമയുടെ പേര് | വരുമാനം (രൂപ) | സാമ്പത്തിക വിഭാഗം |
|---|---|---|---|
| 1 | രാജഗോപാലൻ കെ. | 25,000 | എ.പി.എൽ. |
| 2 | മിഥുൻ എം.ജി. | 50,000 | ദാരിദ്ര്യരേഖക്ക് മുകളിൽ |
| 3 | നരേന്ദ്രൻ കെ. | 40,000 | ദാരിദ്ര്യരേഖക്ക് മുകളിൽ |
| 4 | വിജിത്ത് കെ.കെ.+ ആതിര സി.കെ. | ദിവസക്കൂലി തൊഴിലാളി | ദാരിദ്ര്യരേഖക്ക് താഴെ |

### പട്ടിക 6.8 വരുമാന സ്രോതസ്സ്

| ക്രമ നമ്പർ | ഉടമയുടെ പേര് | പ്രതിമാസ ചിലവുകൾ |
|---|---|---|
| 1 | രാജഗോപാലൻ കെ. | 25,000 രൂപ |
| 2 | മിഥുൻ എം.ജി. | 25,000 രൂപ |
| 3 | നരേന്ദ്രൻ കെ. | 40,000 രൂപ |
| 4 | വിജിത്ത് കെ.കെ.+ ആതിര സി.കെ. | ദിവസക്കൂലി തൊഴിൽ |

### 6.9 ഭൂ വിനിയോഗവും ഉപജീവനവും

മേൽപ്രദേശത്തെ ജനങ്ങൾ വരുമാന മാർഗ്ഗത്തിന് വേണ്ടി മറ്റ് തൊഴിലുകളും ചെയ്യുന്നു.

### ദുരിത ഭീഷണിയുള്ള വിഭാഗങ്ങൾ

ആകെയുള്ള 4 ബാധിത കുടുംബങ്ങളിൽ ഒരു കുടുംബമാണ് ദുരിത വിധേയരാകാൻ സാധ്യതയുള്ളതായി കണ്ടെത്തിയത്. ഈ കുടുംബക്കാരായ വിജിത്ത് കെ.കെ.-യും ആതിര സി.കെ.-യും പട്ടിക വിഭാഗത്തിൽപ്പെട്ട ദരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. ഈ കുടുംബത്തിന്റെ പ്രധാനവരുമാനം ദിവസവേല ആയതിനാൽ സാമ്പത്തിക ദുരിതത്തിന് വിധേയരാകാൻ സാധ്യതയുള്ളവരാണ്. ഇവരുടെ മൊത്തം സ്ഥലവും ഏറ്റെടുക്കേണ്ടതായിട്ടുള്ളതിനാൽ, നിയമം 2013 പ്രകാരമുള്ള ന്യായമായ നഷ്ടപരിഹാരവും പുനരധിവാസത്തിന് മതിയായ പിന്തുണയും ഇവർക്ക് ലഭിക്കുമെന്ന് ഉറപ്പുവരുത്താൻ പ്രത്യേക ശ്രദ്ധയും മുൻഗണനയും നൽകേണ്ടതാണ്.

### സ്ഥലവിനിയോഗവും ജീവിതവൃത്തിയും

നിർദിഷ്ഠഭൂമി ഏറ്റെടുക്കൽ പ്രദേശത്ത് ആകെയുള്ള നാല് കുടുംബക്കാരും വീടോ, വീട് നിൽക്കുന്ന പറമ്പിന്റെയോ ഉടമസ്ഥരാണ്. സ്ഥലം പ്രധാനമായും വീടിന്റെ ആവശ്യത്തിനു വേണ്ടിയാണ്. എന്നാൽ ഒരു വീട്ടുകാർക്ക് വീടുകൂടാതെ കുറേ കൃഷിസ്ഥലവും ഉണ്ട്.

നാലാമത്തെ കുടുംബം ഒഴികെ മറ്റാർക്കും സ്ഥലനഷ്ടം അവരുടെ ദൈനംദിന ജീവിതച്ചിലവിനെ നേരിട്ട് ബാധിക്കുന്നില്ല. എന്നാൽ നാലാമത്തെ കുടുംബത്തിനാകട്ടെ സ്ഥലനഷ്ടം, അവരെ സാമ്പത്തിക ദുരിതത്തിലേക്ക് തള്ളിവിടും.

ബാധിത കുടുംബങ്ങളുടെ പ്രാഥമിക വരുമാനമാർഗ്ഗം സ്വകാര്യജോലി, സർക്കാർ ജോലി, ദിവസവേല എന്നിവയാണ്.

എല്ലാത്തിനുമുപരിയായി മെച്ചപ്പെട്ട വിദ്യുച്ഛക്തിലഭ്യത, ജീവിതവൃത്തിക്ക് കാര്യമായ തടസ്സമില്ലാത്ത അവസ്ഥ, ന്യായവും സമയോചിതവുമായ നഷ്ടപരിഹാരം, എന്നിവയിലൂടെ കൂടുതൽ ജനവിഭാഗത്തിന് ദീർഘകാല പ്രയോജനം പ്രദാനം ചെയ്യുവാൻ കഴിയും എന്നതാണ് മണിയൂർ 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണത്തിൽ നിന്നും പ്രതീക്ഷിക്കുന്നത്.

അദ്ധ്യായം 7

# സാമൂഹ്യ പ്രത്യാഘാത മാനേജ്മെന്റ് പ്ലാൻ

## 7.1 ലഘൂകരണത്തോടുള്ള സമീപനം

മണിയൂർ സബ്സ്റ്റേഷന് വേണ്ടി ഒരു സാമൂഹ്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കിയതിന്റെ പ്രാഥമിക ലക്ഷ്യം നിർദിഷ്ഠഭൂമി ഏറ്റെടുക്കൽ, ബാധിത കുടുംബങ്ങൾക്കുണ്ടാകുന്ന പ്രതികൂല ഫലങ്ങൾ പരമാവധി കുറയ്ക്കുന്നതോടൊപ്പം ഭംഗിയായും സുതാര്യമായും പങ്കാളിത്തത്തോടും കൂടി പദ്ധതി നടപ്പിലാക്കുക എന്നതാണ്. ആഘാത ലഘൂകരണത്തോടുള്ള സമീപനം നിയന്ത്രിക്കപ്പെടുന്നത് RFCTLARR-നിയമം 2013-ലെ വകുപ്പുകളും കേരള സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളാലുമാണ്. ലഘൂകരണ സമീപനം അടിസ്ഥാനമാക്കിയിരിക്കുന്ന തത്വങ്ങൾ കഴിവതും ആഘാതം ഒഴിവാക്കുക, ഒഴിവാക്കാനാകാത്തിടത്ത് പരമാവധി കുറയ്ക്കുക, ന്യായമായ നഷ്ടപരിഹാരവും പുനരധിവാസ സഹായവും നൽകുക എന്നിവയാണ്. പട്ടികജാതിയിലും ദാരിദ്ര്യവിഭാഗത്തിലുമുള്ള ദുർബല കുടുംബങ്ങളുടെ ആവശ്യങ്ങൾക്ക് പ്രത്യേകം ശ്രദ്ധയും നൽകുന്നതാണ്.

## 7.2 ആഘാതം ഒഴിവാക്കാനും, ലഘൂകരിക്കാനും നഷ്ടം നികത്താനുമുള്ള നടപടികൾ

ഭൂമി ഏറ്റെടുക്കൽ മുഖാന്തിരം സംഭവിക്കുന്ന സാമൂഹ്യാഘാതം ഒഴിവാക്കാനോ നഷ്ടപരിഹാരം നൽകാനോ അവലംബിക്കുന്ന നടപടികൾ ഇപ്രകാരമാണ്.

സബ്സ്റ്റേഷന്റെ നിർമ്മാണത്തിന് കൃത്യം ആവശ്യമായ ഏറ്റവും കുറവ് സ്ഥലം എന്ന് നിജപ്പെടുത്തിയ രീതിയിലാണ് ഏറ്റെടുക്കൽ വിഭാവനം ചെയ്തിരിക്കുന്നത്. തദ്വാര കുടുംബങ്ങളുടെ ആഘാതം പരമാവധി കുറയ്ക്കാൻ സാധിക്കും. ആകെയുള്ള 4 ബാധിത കുടുംബങ്ങൾക്കും മതിയായ നഷ്ടപരിഹാരം സ്ഥലത്തിന്റെ നിലവിലെ കമ്പോള വില അടിസ്ഥാനമാക്കി നിയമപ്രകാരം നൽകുന്നതാണ്. ഏറ്റെടുപ്പുമൂലം നഷ്ടമാകുന്ന വൃക്ഷങ്ങൾക്കും മറ്റ് ആദായം നൽകുന്ന വസ്തുക്കൾക്കും നഷ്ടപരിഹാരം നൽകുന്നതാണ്. പട്ടികജാതിയിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് നഷ്ടപരിഹാരത്തിലും പുനരധിവാസത്തിലും മുൻഗണനയും പ്രത്യേക പരിഗണനയും നൽകുന്നതാണ്. സ്വന്തം വീട് വയ്ക്കാനായി സ്ഥലം വാങ്ങിയ കുടുംബത്തിന്റെ കാര്യത്തിൽ അവരുടെ മൊത്തം സ്ഥലവും നഷ്ടമാവുകയാണെങ്കിൽ പ്രത്യേക പരിഗണന നൽകുന്നതായിരിക്കും.

### 7.3 നിയമത്തിൽ വിവരിക്കുന്ന പുനരധിവാസം, പുനഃസ്ഥാപനം, നഷ്ടപരിഹാരം എന്നിവയെ സംബന്ധിച്ച നടപടികൾ

RFCTLARR- നിയമം 2013-ലെ വകുപ്പുകൾ പ്രകാരമുള്ള നടപടികളാണ് ആഘാതബാധിതരുടെ പ്രശ്നങ്ങളിൽ പ്രസക്തമാക്കുന്നത്. പ്രസ്തുത നിയമപ്രകാരം ഗ്രാമീണ മേഖലയിൽ, സ്ഥലത്തിന്റെ കമ്പോളവിലയുടെ ഇരട്ടിയിൽ കുറയാത്ത നിരക്കിൽ ഉള്ള നഷ്ടപരിഹാരത്തിന് ബാധിതകുടുംബങ്ങൾക്ക് അർഹതയുണ്ട്. അതുപോലെതന്നെ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ആദായകരമായ വൃക്ഷങ്ങൾക്കും മറ്റു വസ്തുക്കൾക്കും നഷ്ടപരിഹാരം ലഭിക്കാനുള്ള വകുപ്പുണ്ട്. പട്ടികജാതിയിൽപ്പെട്ട ദരിദ്ര്യ കുടുംബങ്ങൾക്ക് ഉപജീവനസഹായം, ഗതാഗത സഹായം എന്നീ അധിക അവകാശങ്ങളും നിയമം അനുശാസിക്കുന്നുണ്ട്. കുടുംബങ്ങളുടെ അസൗകര്യവും ബുദ്ധിമുട്ടും കുറയ്ക്കുന്നതിനായി എല്ലാ നഷ്ടപരിഹാര-പുനരധിവാസ ദാനങ്ങളും സമയോചിതമായിരിക്കും. ഭൂമി ഏറ്റെടുക്കലിന്റെയോ, നഷ്ടപരിഹാരത്തിന്റെയോ സമയത്ത് ബാധിത കുടുംബങ്ങൾക്ക് എന്തെങ്കിലും പരാതിയോ ആവലാതിയോ ഉണ്ടെങ്കിൽ അതിലേക്കായി ഒരു പരാതിപരിഹാര പ്രവർത്തനകേന്ദ്രം രൂപീകരിക്കും.

### 7.4 പദ്ധതി നിർദ്ദേശത്തിൽ ആദേശ കേന്ദ്രം ഉൾപ്പെടുത്തിയിരിക്കുന്ന നടപടികൾ

ബന്ധപ്പെട്ട വകുപ്പിലൂടെ കേരള സർക്കാരായ ആദേശകേന്ദ്രം മണിയൂർ സബ്സ്റ്റേഷന് വേണ്ടി പദ്ധതിനിർദ്ദേശത്തിൽ താഴെ കൊടുത്തിരിക്കുന്ന നടപടികൾ നടപ്പിലാക്കാൻ പ്രതിജ്ഞാബദ്ധമാണ്. നിലവിലെ സ്ഥലത്തിന്റെ കമ്പോളവിലയെ അടിസ്ഥാനമാക്കിയുള്ള ന്യായവും തൃപ്തികരവുമായ നഷ്ടപരിഹാരം എല്ലാ ബാധിതകുടുംബങ്ങൾക്കും നൽകുന്നതാണ്. നഷ്ടപരിഹാരപ്രക്രിയ സമയോചിതവും സുതാര്യവുമായി പൂർത്തിയാക്കും. ഭൂമി ഏറ്റെടുക്കൽ മൂലം ദുരിതഭീഷണി നേരിടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ദരിദ്രകുടുംബങ്ങൾ യാതൊരു വിധദോഷങ്ങൾക്കും വിധേയരാകാതിരിക്കുമെന്ന് ഉറപ്പുവരുത്താൻ പ്രത്യേകം നിയമങ്ങൾ ഉണ്ടാകും. പൈതൃക വസ്തുക്കൾ നഷ്ടപ്പെടുന്ന കുടുംബങ്ങളുടെ വേദന ഉൾക്കൊണ്ടുകൊണ്ടുള്ള ഏറ്റെടുക്കലിന് ആദേശകേന്ദ്രം പ്രതിജ്ഞാബദ്ധമാണ്.

### 7.5 ആഘാതനിർണ്ണയ സമയത്ത് കണ്ടെത്തിയ വ്യത്യസ്ത വിഭാഗങ്ങളുടെ ആഘാതത്തിന്റെ വലിപ്പവും കാഠിന്യവും കുറയ്ക്കുന്നതിനുള്ള അധികനടപടികളും പദ്ധതി രൂപരേഖയിലെ മാറ്റവും

സ്ഥലമേറ്റെടുക്കലിന്റെ വ്യാപ്തിയും അത് കുടുംബങ്ങൾക്കുണ്ടാകുന്ന ആഘാതവും പരമാവധി കുറയ്ക്കുന്നതിന് പദ്ധതിയുടെ രൂപരേഖ പുനഃപരിശോധിച്ചിട്ടുണ്ട്. അതുകൊണ്ടാണ്

സബ്സ്റ്റേഷന്റെ നിർമ്മാണത്തിന് കൃത്യം ആവശ്യമായ പരമാവധി കുറഞ്ഞ അളവ് 0.3168 ഹെക്ടറിൽ ഒതുക്കിയത്. പദ്ധതിയുടെ സാങ്കേതിക ആവശ്യത്തിന് ഭംഗം വരാതിരിക്കാൻ ഇതിനേക്കാൾ കുറവ് വരുത്താൻ സാധ്യമല്ല. ആയതിനാലാണ് സ്വന്തം വീട് പണിയുവാൻ സ്ഥലം വാങ്ങിയ കുടുംബത്തിന് മറ്റൊരു സ്ഥലം വാങ്ങുന്നതിന് ആവശ്യമായ മതിയായ നഷ്ടപരിഹാരം നൽകുമെന്ന് ആദേശകേന്ദ്രം ഉറപ്പുവരുത്തിയത്, അത് കൂടാതെ ദുർബല വിഭാഗത്തിൽപ്പെട്ട ദരിദ്ര്യകുടുംബത്തിന് നിയമം അനുശാസിക്കുന്ന സാധാരണ നഷ്ടപരിഹാരത്തിന് ഉപരിയായി ലക്ഷ്യാധിഷ്ഠിതമായ പുനരധിവാസ സഹായം നൽകുന്നത്.

### 7.5.1 ഭൂമി ഏറ്റെടുക്കൽ

ആകെയുള്ള 4 ബാധിത കുടുംബങ്ങൾക്കും സ്ഥലനഷ്ടത്തിന് നിയമം-2013 നിശ്ചയിക്കുന്ന നിയമാനുസൃതമായ നഷ്ടപരിഹാരം, നിലവിലുള്ള കമ്പോളനിലവാര വിലയിൽ കുറയാത്ത തോതിൽ നൽകുന്നതായിരിക്കും. പ്രദേശത്ത് രേഖപ്പെടുത്തിയിട്ടുള്ള സമാനവസ്തുക്കളുടെ വിലയാധാരങ്ങളുടെയും അവയുടെ സ്വഭാവവും വിഭാഗവും അടിസ്ഥാനമാക്കിയായിരിക്കും നഷ്ടപരിഹാരം കണക്കാക്കുന്നത്. ഭൂമി ഏറ്റെടുക്കുന്നതിന് മുമ്പ് തന്നെ സമയോജിതമായി ഇവ വിതരണം ചെയ്യും. രണ്ട് വീട്ടുകാരുടെ സ്ഥലത്തിന്റെ പൈതൃകസ്വഭാവം നഷ്ടപരിഹാരം തീർപ്പ് കൽപ്പിക്കുന്ന വേളയിൽ യഥാവിധി പരിഗണിക്കുന്നതായിരിക്കും.

### 7.5.2 ഭവനങ്ങളും കെട്ടിടങ്ങളും

നിർദിഷ്ട ഏറ്റെടുക്കൽ പ്രദേശത്തിനുള്ളിൽ സ്ഥിരമായ യാതൊരു ഭവനനിർമ്മിതികളും കണ്ടെത്തിയിട്ടില്ല. ഏറ്റെടുക്കേണ്ടത് തരിശ് തുണ്ട് ഭൂമിയാണ്. ആയതിനാൽ വീടുകൾക്കോ കെട്ടിടങ്ങൾക്കോ നഷ്ടപരിഹാരം കൊടുക്കേണ്ട പ്രശ്നം ഉദിക്കുന്നില്ല. എന്നിരുന്നാലും പദ്ധതി പ്രാബല്യത്തിൽ വരുന്ന സമയത്ത് ഏതെങ്കിലും ചെറിയ നിർമ്മിതികളോ അതിർത്തി മതിലുകളോ ഉണ്ടെങ്കിൽ നിയമപ്രകാരമുള്ള തക്കതായ പ്രതിഫലം നൽകുന്നതാണ്.

### 7.5.3. കച്ചവടവും കടകളും

നിർദ്ദിഷ്ട ഏറ്റെടുക്കൽ പ്രദേശത്ത് ഏതെങ്കിലും കച്ചവട സ്ഥാപനങ്ങളോ കടകളോ കണ്ടെത്തിയിട്ടില്ല. ബാധിതപ്രദേശം ഭവനനിർമ്മാണത്തിനുള്ള തുണ്ട് ഭൂമികളായി വർഗവത്കരിക്കപ്പെട്ട വാണിജ്യസ്വഭാവം ഇല്ലാത്തവയാണ്. ആയതിനാൽ ദിവസക്കൂലിക്കാരായ ഒരു ദരിദ്ര കുടുംബത്തിനൊഴിയെ മറ്റാർക്കും കച്ചവടനഷ്ടത്തിനോ തൊഴിൽ നഷ്ടത്തിനോ നിയമപ്രകാരമുള്ള പുനരധിവാസ സഹായം നൽകേണ്ടതില്ല.

### 7.5.4 നഷ്ടപരിഹാരത്തിനുള്ള നടപടിക്രമങ്ങൾ

നഷ്ടപരിഹാര നടപടികൾ നടപ്പിലാക്കുന്നത് RFCTLARR-നിയമം, 2013-ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടായിരിക്കും. പ്രദേശത്തെ സമാനവസ്തുക്കളുടെ രേഖപ്പെടുത്തിയിട്ടുള്ള വില യാധാരങ്ങളെ അടിസ്ഥാനമാക്കി യോഗ്യരായ അധികാരിയായിരിക്കും സ്ഥലത്തിന്റെ കമ്പോള വില നിശ്ചയിക്കുക. നഷ്ടപരിഹാര തുകയും മറ്റ് ആനുകൂല്യങ്ങളും സംബന്ധിച്ച വിവരങ്ങൾ ഓരോ ബാധിത കുടുംബത്തെയും നേരിട്ട് അറിയിക്കുന്നതാണ്. ബാധിത കുടുംബങ്ങൾക്ക് എന്തെങ്കിലും എതിർപ്പോ ഉത്കണ്ഠയോ ഉണ്ടെങ്കിൽ അവ നിയമപ്രകാരം സ്ഥാപിതമായ പരാതിപരിഹാരസംവിധാനം മുഖേന പ്രകടിപ്പിക്കാനുള്ള അവസരവും മതിയായ സമയവും നൽകുന്നതാണ്.

## 7.6 ആദേശഅധികാരി വാഗ്ദാനം ചെയ്തതോ നിർദ്ദേശിച്ചതോ ആയിട്ടുള്ള നടപടികൾ

ആകെയുള്ള 4 ബാധിത കുടുംബങ്ങൾക്കും സുതാര്യവും സമയോചിതവുമായ ന്യായമായ കമ്പോള വിലാധിഷ്ഠിതമായ നഷ്ടപരിഹാരം നൽകുമെന്ന് ആദേശ അധികാരി സമ്മതിച്ചിട്ടുണ്ട്. പദ്ധതി നിർദ്ദേശത്തിൽ പട്ടികവിഭാഗത്തിൽപ്പെട്ട ദരിദ്രകുടുംബങ്ങൾക്ക് പ്രത്യേകം നിയമങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ, ഭൂമി ഏറ്റെടുക്കലും നഷ്ടം നികത്തിൽ വേളകളിലും ബാധിത കുടുംബങ്ങൾ പ്രകടിപ്പിക്കുന്ന ആവലാതികൾ പരിഹരിക്കുന്നതിനായി ഒരു പരാതി പരിഹാര സംവിധാനം സ്ഥാപിക്കാം എന്നും ആദേശാധികാരി സമ്മതിച്ചിട്ടുണ്ട്. സ്വന്തം വീടുവയ്ക്കാനുള്ള ഉദ്ദേശത്തോടുകൂടി സ്ഥലം വാങ്ങിയവർക്കും, സാധാരണ അവകാശങ്ങൾക്ക് പുറമേ അധികജീവനോപാധി വേണ്ടതായ ദരിദ്രകുടുംബങ്ങൾക്കും വേണ്ടിയുള്ള നടപടികൾ ആദേശ അധികാരി നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഔദ്യോഗികമായി സ്ഥിരീകരിച്ചിട്ടില്ല. ഇരുകൂട്ടരും കൂടുതൽ ചർച്ച നടത്തി ഈ വിഷയത്തെ പിന്തുടരുന്നതാണ്.

## 7.7 പൊതു ബോധവും ബാധ്യതയുടെ അഭിപ്രായവും

### പട്ടിക 7.7.1 പദ്ധതിയുടെ ഗുണഫലത്തെ സംബന്ധിച്ച അഭിപ്രായാന്വേഷണം

| ക്രമനമ്പർ | ഉടമയുടെ പേര് | ഗുണഫലങ്ങൾ |
|---|---|---|
| 1 | രാജഗോപാലൻ കെ. | പ്രദേശത്തെ വിദ്യുച്ഛക്തിയുടെ മെച്ചപ്പെട്ടതും വിശ്വസനീയവുമായ പ്രവാഹവും വോൾട്ടേജ് പ്രശ്നത്തിന്റെ പരിഹാരവും |
| 2 | മിഥുൻ എം.ജി. | പ്രദേശത്തെ വിദ്യുച്ഛക്തിയുടെ മെച്ചപ്പെട്ടതും വിശ്വസനീയവുമായ പ്രവാഹവും വോൾട്ടേജ് പ്രശ്നത്തിന്റെ പരിഹാരവും |

| | | |
|---|---|---|
| 3 | നരേന്ദ്രൻ കെ. | പ്രദേശത്തെ വിദ്യുച്ഛക്തിയുടെ മെച്ചപ്പെട്ടതും വിശ്വസനീയവുമായ പ്രവാഹവും വോൾട്ടേജ് പ്രശ്നത്തിന്റെ പരിഹാരവും |
| 4 | വിജിത്ത് കെ.കെ.+ ആതിര സി.കെ. | പ്രദേശത്തെ വിദ്യുച്ഛക്തിയുടെ മെച്ചപ്പെട്ടതും വിശ്വസനീയവുമായ പ്രവാഹവും വോൾട്ടേജ് പ്രശ്നത്തിന്റെ പരിഹാരവും |

### പട്ടിക 7.7.2 പദ്ധതിയുടെ ദൂഷ്യഫലങ്ങളെ സംബന്ധിച്ച അഭിപ്രായന്വേഷണം

| ക്രമനമ്പർ | ഉടമയുടെ പേര് | ഗുണഫലങ്ങൾ |
|---|---|---|
| 1 | രാജഗോപാലൻ കെ. | ദൂഷ്യഫലം |
| 2 | മിഥുൻ എം.ജി. | വീടിനുള്ള തറവാട് സ്ഥലത്തിന്റെ നഷ്ടം |
| 3 | നരേന്ദ്രൻ കെ. | കൃഷിസ്ഥലത്തിന്റെ നഷ്ടം |
| 4 | വിജിത്ത് കെ.കെ.+ ആതിര സി.കെ. | വീട് വെക്കാനായി വാങ്ങിയ സ്ഥലത്തിന്റെ നഷ്ടം |

### പട്ടിക 7.7.3 പുനരധിവാസത്തിനും പുനസ്ഥാപനത്തിനും മുൻഗണന സ്ഥലം കൈവശക്കാർ ഉടമകൾ

| ക്രമനമ്പർ | ഉടമയുടെ പേര് | ഗുണഫലങ്ങൾ |
|---|---|---|
| 1 | രാജഗോപാലൻ കെ. | നഷ്ടപരിഹാരത്തിന് മുൻഗണന |
| 2 | മിഥുൻ എം.ജി. | സ്ഥലത്തിനും സ്വത്തിനും ഉയർന്ന കമ്പോളവിലയുടെ തോതിലുള്ള നഷ്ടപരിഹാരം |
| 3 | നരേന്ദ്രൻ കെ. | സ്ഥലത്തിനും സ്വത്തിനും ഉയർന്ന കമ്പോളവിലയുടെ തോതിലുള്ള നഷ്ടപരിഹാരം |
| 4 | വിജിത്ത് കെ.കെ.+ ആതിര സി.കെ. | സ്ഥലത്തിനും സ്വത്തിനും ഉയർന്ന കമ്പോളവിലയുടെ തോതിലുള്ള നഷ്ടപരിഹാരം |

അദ്ധ്യായം 8

# സാമൂഹ്യ ആഘാത നിയന്ത്രണ പദ്ധതി- സുസ്ഥാപിത ചട്ടക്കൂട്

## സുസ്ഥാപിത ചട്ടക്കൂടും ഉദ്യോഗസ്ഥരും

സാമൂഹ്യാഘാത നിയന്ത്രണ പദ്ധതിയുടെ സുസ്ഥാപിത ചട്ടക്കൂട് താഴെ കൊടുത്തിരിക്കുന്ന അത്യന്താപേക്ഷിതരായ നിർവ്വാഹകരും ഉദ്യോഗസ്ഥരും അടങ്ങിയതാണ്.

സ്ഥലമേറ്റെടുക്കൽ പ്രവർത്തനങ്ങൾക്കും നിയമം 2013ലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും ചുമതലപ്പെട്ട ആകമാനഅധികാരി, കേരള സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പാണ്. ആവശ്യമായ അറിയിപ്പുകൾ പുറപ്പെടുവിക്കുകയും, ആഘാതനിർണ്ണയ റിപ്പോർട്ട് അംഗീകരിക്കുകയും, നഷ്ടപരിഹാര-പുനരധിവാസ നടപടികൾക്ക് മേൽനോട്ടം വഹിക്കുന്നതും സർക്കാർ ആണ്.

ജില്ലാതല സ്ഥലമേറ്റെടുപ്പിന് മേൽനോട്ടം വഹിക്കാൻ ചുമതലപ്പെട്ട യോഗ്യനായ അധികാരി കോഴിക്കോട് ജില്ലാകളക്ടറാണ്. ബാധിതകുടുംബങ്ങളുടെ നഷ്ടപരിഹാരം നിശ്ചയിക്കുന്നതും അതിന്റെ സംയോചിതമായ വിതരണം ഉറപ്പാക്കുന്നതും പരാതികൾ പരിഹരിക്കുന്നതും അദ്ദേഹ മാണ്.

സ്ഥലം ഏറ്റെടുക്കലിന് ആവശ്യമായ തുക നൽകുന്നതും പദ്ധതിആഘാത നിയന്ത്രണ പരിപാടി അനുസരിച്ചാണ് നടപ്പിലാക്കുന്നത് എന്ന് ഉറപ്പുവരുത്തുന്നതും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (KSEBL) എന്ന ആദേശ സ്ഥാപനമാണ്. ഈ റിപ്പോർട്ട് ശുപാർശ ചെയ്യുന്ന ലഘൂകരണ നടപടികളുടെ സുഗമമായ നടപ്പാക്കൽ ഉറപ്പുവരുത്താൻ ജില്ലാ ഭരണകൂടവും ആഘാത നിർണയ വിഭാഗവുമായുള്ള ഏകോപനത്തിന്റെ ചുമതലയും KSEBL-ന്റെതാണ്.

സാമൂഹ്യാഘാത നിർണയം നടത്തുക, അതിന്റെ റിപ്പോർട്ടും നിയന്ത്രണ പദ്ധതിയും തയ്യാറാ ക്കുക, സ്ഥലമെടുപ്പിൽ നിന്നും ഉടലെടുക്കുന്ന ആഘാതം കുറയ്ക്കുന്നതിനുള്ള ശുപാർശ കൾ നൽകുക എന്നിവയാണ് ജില്ലാതല സാമൂഹ്യ ആഘാത നിർണയ വിഭാഗമായ കോതമം ഗലം ആസ്ഥാനമായുള്ള യൂത്ത് സോഷ്യൽ സർവീസ് സംഘടനയുടെ ചുമതലകൾ.

ഭൂമിയുടെ രേഖകൾ സൂക്ഷിക്കുക, സർവ്വേ രേഖകളും മറ്റ് സ്ഥലമെടുപ്പിന് ആവശ്യമായ റവന്യൂ സംബന്ധമായ വിവരങ്ങളും പരിശോധിക്കാനുള്ള സൗകര്യം നൽകുക, എന്നിവ യാണ് കേരള സർക്കാരിന്റെ റവന്യൂ വകുപ്പിന്റെ ചുമതലകൾ.

ഭൂമി ഏറ്റെടുക്കലും നഷ്ടപരിഹാരവും സംബന്ധിച്ച് ബാധിത കുടുംബങ്ങൾ ഉയർത്തുന്ന പരാതികളും ഉത്കണ്ഠകളും പരിഹരിക്കുന്നതിനാണ് ജില്ലാതല പരാതി-പരിഹാര-സമിതി രൂപീകരിക്കുന്നത്. ജില്ലാ ഭരണകൂടം, ആദേശ കേന്ദ്രം, ആഘാതബാധിത ജനസമൂഹം എന്നിവയിൽ നിന്നുള്ള പ്രതിനിധികളാണ് ഈ സമിതിയിലെ അംഗങ്ങൾ. നിയമത്തിലെ വകുപ്പുകൾ അനുസരിച്ച് വേണം ഇവർ പ്രവർത്തിക്കേണ്ടത്.

അദ്ധ്യായം 9

# സാമൂഹ്യ ആഘാത നിയന്ത്രണ പദ്ധതി–ബജറ്റ്

നിർദ്ദിഷ്ട മണിയൂർ സബ്സ്റ്റേഷന് വേണ്ടി നടത്തിയ ആഘാത നിർണയം അടിസ്ഥാനമാക്കിയാണ് ആഘാതനിയന്ത്രണ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. സ്ഥലമേറ്റെടുക്കൽ, നഷ്ടപരിഹാരം, നാലു കുടുംബങ്ങളുടെ പുനരധിവാസം, പുനസ്ഥാപനം, ലഘൂകരണ നടപടികളുടെ നടപ്പാക്കൽ എന്നിവയ്ക്ക് വേണ്ടിയുള്ള ചിലവുകൾ അടങ്ങുന്നതാണ് ബജറ്റ്. പദ്ധതിയുടെ അടങ്കൽ മതിപ്പ് ചെലവ് 13 കോടി രൂപയാണ്. ഇതിൽ 2,02,50000 ഭൂമി ഏറ്റെടുക്കലിനായി മാത്രം ഉള്ളതാണ്.

## 9.1 പുനരധിവാസ–പുനസ്ഥാപന ചിലവ്

ബാധിത കുടുംബങ്ങളുടെ പുനരധിവാസത്തിന്റെയും പുനഃസ്ഥാപനത്തിന്റെയും ചിലവ് കണക്കാക്കിയിരിക്കുന്നത് സ്ഥലത്തിന്റെ വിസ്തൃതി, നിലവിലെ കമ്പോളവില, നിയമം 2013ലെ പ്രസക്തമായ അവകാശങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാണ്. ചിലവിന്റെ പ്രധാന ഇനങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | വിശദാംശങ്ങൾ |
|---|---|---|
| 1 | സ്ഥല നഷ്ടപരിഹാരം | 0.3168 ഹെക്ടർ സ്വകാര്യഭൂമിയുടെ, അധികാരി നിശ്ചയിക്കുന്ന കമ്പോള വില പ്രകാരമുള്ള ന്യായമായ നഷ്ടപരിഹാരം |
| 2 | ആദായം ലഭിക്കുന്ന സ്വത്തുക്കളുടെ നഷ്ടപരിഹാരം | ബാധിത സ്ഥലത്ത് സ്ഥിതി ചെയ്യുന്ന വൃക്ഷങ്ങളോ മറ്റ് ആദായകരമായ സ്വത്തുക്കൾക്കോ ഉള്ള നഷ്ടപരിഹാരം |
| 3 | ആശ്വാസ ധനം | നഷ്ടപരിഹാരത്തുകയുടെ 100% എന്നതോതിൽ നിയമ പ്രകാരമുള്ള ആശ്വാസധനം |
| 4 | പട്ടികജാതിയിൽപ്പെട്ട ദരിദ്ര്യ കുടുംബങ്ങൾക്കുള്ള അധിക പുനരധിവാസ സഹായം | നിർധന കുടുംബങ്ങൾക്കുള്ള നിത്യ ചെലവിനുള്ള ബത്ത, ഗതാഗത ബത്ത, മറ്റ് അവകാശങ്ങൾ എന്നിവ |
| 5 | പരാതി പരിഹാരത്തിനും ഭരണത്തിനും ഉള്ള ചിലവ് | പരാതി പരിഹാര സംവിധാനം, നഷ്ടപരിഹാരവിതരണം സംബന്ധിച്ച ഭരണകാര്യം എന്നിവയുടെ നിർവഹണ ചിലവ് |

| | | |
|---|---|---|
| 6 | സ്ഥലം ഏറ്റെടുക്കലിന് നീക്കിവെച്ചിരിക്കുന്ന മൊത്തം തുക | രണ്ട് കോടി രണ്ട് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം |

## 9.2 വാർഷിക ബജറ്റും കർമ്മ പദ്ധതിയും

സാമൂഹ്യാഘാത നിയന്ത്രണ പദ്ധതി നടപ്പാക്കാനുള്ള വാർഷിക ബജറ്റും കർമ്മപരിപാടിയും ചുവടെ കാണാം. ഏറ്റെടുക്കാനുള്ള പ്രധാന പ്രവർത്തനങ്ങൾ, ചുമതലപ്പെട്ട പ്രതിനിധികൾ, പൂർത്തിയാക്കാൻ പ്രതീക്ഷിക്കപ്പെടുന്ന സമയക്രമം എന്നിവയാണ് പരിപാടി വിശദീകരിക്കുന്നത്.

| ക്രമ നമ്പർ | പ്രവർത്തനം | ചുമതലപ്പെട്ട പ്രതിനിധി | കണക്കാക്കിയിരിക്കുന്ന സമയക്രമം |
|---|---|---|---|
| 1 | SIA-യുടെയും SIMP- പൂർത്തീകരണവും അംഗീകാരവും | കേരള സർക്കാർ കോഴിക്കോട് ജില്ലാ കളക്ടർ | SIA പൂർത്തീകരിച്ച് 45 ദിവസങ്ങൾക്കകം |
| 2 | ബാധിത കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാരം നിശ്ചയിക്കൽ | കോഴിക്കോട് ജില്ലാ കളക്ടർ | SIA അംഗീകരിച്ച് രണ്ട് മാസത്തിനകം |
| 3 | ബാധിത കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാരത്തിന്റെ വിജ്ഞാപനവും അറിയിപ്പും | കോഴിക്കോട് ജില്ലാ കളക്ടർ / റവന്യൂ വകുപ്പ് | നഷ്ടപരിഹാരം നിശ്ചയിച്ച ശേഷം ഒരു മാസത്തിനകം |
| 4 | മൊത്തമുള്ള 4 ബാധിത കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാര വിതരണം | കോഴിക്കോട് ജില്ലാ കളക്ടർ / KSEBL | SIA അംഗീകാരത്തിന് ശേഷം മൂന്നു മാസത്തിനകം |
| 5 | പട്ടികജാതി/ദരിദ്രകുടുംബങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ സഹായം | കോഴിക്കോട് ജില്ലാ കളക്ടർ / KSEBL | നഷ്ടപരിഹാര വിതരണത്തിനോടൊപ്പം |
| 6 | ബാധിതകുടുംബം ഉയർത്തിയ പരാതിയുടെ പരിഹാരം | പരാതി പരിഹാര സമിതി | ഏറ്റെടുക്കൽ പ്രക്രിയയിൽ ഉടനീളം നടക്കേണ്ട സ്ഥിരം പ്രവർത്തനം |
| 7 | ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ കൈമാറ്റവും നിർമ്മാണത്തിന്റെ ആരംഭവും | KSEBL | നഷ്ടപരിഹാര വിതരണം പൂർത്തിയായാൽ ഉടനെ |

### 9.3 സ്രോതസ്

സാമൂഹ്യാഘാത നിയന്ത്രണ പദ്ധതിയിൽ ഉള്ള സ്ഥലമേറ്റെടുപ്പ്, നഷ്ടപരിഹാരം, പുനരധിവാസം എന്നിവകൾക്കാവശ്യമായ മൊത്തം ചിലവുകളും ആവേശ അധികാരി എന്ന നിലയ്ക്ക് KSEBL ആണ് തനത് ഫണ്ടിൽ നിന്നും നൽകേണ്ടത്. അടങ്കൽ പദ്ധതി തുകയായ 13 കോടിയിൽ രണ്ടുകോടി 2 ലക്ഷത്തി അമ്പതിനായിരം രൂപ സ്ഥലം ഏറ്റെടുപ്പിനായിട്ടാണ് വക കൊള്ളിച്ചിരിക്കുന്നത്. പദ്ധതിയുടെ ഭരണാനുമതി കേരള സർക്കാർ പുറപ്പെടുവിച്ചത് 26-9-2024-ലെ G.O. (Rt) No.: 179/2024/Power പ്രകാരമാണ് കാലതാമസം കൂടാതെ നഷ്ടപരിഹാര-പുനരധിവാസ നടപടികളുടെ അനായാസമായ നടത്തിപ്പിനാവശ്യമായ തുക സമയോചിതമായി ഉറപ്പുവരുത്തുന്നതായിരിക്കും.

# സാമൂഹ്യാഘാത നിയന്ത്രണ പദ്ധതി നിരീക്ഷണവും വിലയിരുത്തലും

## അവതാരിക

സബ്സ്റ്റേഷൻ നിർമ്മാണത്തിന്റെ സാമൂഹ്യാഘാത നിയന്ത്രണ പദ്ധതിയുടെ അവിഭാജ്യ ഘടകമാണ് നിരീക്ഷണവും വിലയിരത്തലും. ഈ റിപ്പോർട്ടിൽ ശുപാർശ ചെയ്തിരിക്കുന്ന ലഘൂകരണ നടപടികൾ കാര്യക്ഷമമായി നടപ്പിലാക്കുക, ബാധിത കുടുംബങ്ങൾക്ക് നഷ്ട പരിഹാരവും പുനരധിവാസ സഹായവും ന്യായമായും സമയോചിതമായും ലഭിക്കുക, പദ്ധതിനടപ്പാക്കൽ വേളയിൽ സംഭവിക്കാവുന്ന അവിചാരിതമായ ആഘാതങ്ങൾ കണ്ടെത്തി ഉടനടി പരിഹരിക്കുക എന്നിവയാണ് നിരീക്ഷണ വിലയിരുത്തൽ സംവിധാനം ഉറപ്പാക്കുന്നത്. നിയമം 2013, കേരള സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പ്രകാരമാണ് ഈ സംവിധാനം സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നടപ്പാക്കുന്നത്. സ്ഥലം ഏറ്റെടുക്കൽ, നഷ്ടപരിഹാരം, പദ്ധതിയുടെ നിർമ്മാണ ഘട്ടങ്ങൾ എന്നിവയിൽ ഉടനീളം നിയന്ത്രണ പദ്ധതി പ്രകാരം തുടർച്ചയായ നിരീക്ഷണ സംവിധാനം നടത്തേണ്ടതാണ്.

### 10.1 സംസ്ഥാനതലം

ആഘാത നിയന്ത്രണ പദ്ധതിയുടെ സംസ്ഥാനതല നിരീക്ഷണത്തിനും വിലയിരുത്തലിനും കേരള സർക്കാർ ബന്ധപ്പെട്ട വകുപ്പുകൾ വഴി മേൽനോട്ടം വഹിക്കേണ്ടതാണ്.

ഭൂമിഏറ്റെടുക്കൽ പ്രക്രിയ നിയമം 2013-ന്റെയും 26-9-2024-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് G.O.(Rt) നമ്പർ 127/2024/Power പ്രകാരമുള്ള ഭരണാനുമതിയും വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ടാണെന്ന് ഉറപ്പുവരുത്തേണ്ടത് സംസ്ഥാനതല നിരീക്ഷണ സംവിധാനത്തിന്റെ ചുമതലയാണ്. നഷ്ടപരിഹാരവിതരണത്തിന്റെ പുരോഗതിയും പുനരധിവാസ പ്രക്രിയയും, സംസ്ഥാനതല അധികാരി സമയാസമയങ്ങളിൽ പുനഃപരിശോധിക്കുകയും എന്തെങ്കിലും കാലതാമസമോ ലംഘനമോ സംഭവിച്ചിട്ടുണ്ടെങ്കിൽ ആവശ്യമായ തിരുത്തൽ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. ആഘാതനിയന്ത്രണ പദ്ധതി വിഭാവനം ചെയ്തിട്ടുള്ള സ്ഥലമെടുപ്പ്, നഷ്ടപരിഹാരവിതരണം, ലഘൂകരണ നടപടികളുടെ നടപ്പാക്കൽ എന്നിവയുടെ സമയാസമയ പുരോഗതി, KSEBL ആദേശ അധികാരി എന്ന നിലയിൽ സംസ്ഥാനതല അധികാരിയെ അറിയിച്ചുകൊണ്ടിരിക്കണം. ബാധിതരായ ദുർബല കുടുംബങ്ങൾക്കുള്ള പ്രത്യേക അവകാശങ്ങൾ യഥാവിധി നൽകിയിട്ടുണ്ടെന്നും, ഏറ്റെടുക്കൽ പ്രക്രിയയിൽ

ബാധിതരായ കുടുംബങ്ങൾ യാതൊരുവിധ അനാവശ്യബുദ്ധിമുട്ടുകൾക്കും വിധേയരായിട്ടി ല്ലെന്ന് ഉറപ്പുവരുത്തേണ്ടതും സംസ്ഥാനതല അധികാരിയാണ്.

### 10.2 ജില്ലാതലം

ആഘാതനിയന്ത്രണപദ്ധതിയുടെ ജില്ലാതല നിരീക്ഷണ-വിലയിരുത്തലുകൾ സ്ഥലമെടുപ്പിന്റെ കാര്യശേഷിയുള്ള അധികാരിയായ കോഴിക്കോട് ജില്ലാ കളക്ടറുടെ ചുമതലയിലാണ് ആകെ യുള്ള നാല് ബാധിത കുടുംബങ്ങളുടെ നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനും വിതരണം ചെയ്യുന്നതിനും മേൽനോട്ടം വഹിക്കുന്നതും, അവ സുതാര്യമായും സമയോചിതമായും നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നത് കളക്ടർ ആണ്. പരിഹാരത്തുക നിശ്ചയിച്ച് വിതരണം ചെയ്യുന്നതിന്റെ ഉൾപ്പെടെ സ്ഥലമെടുപ്പിനെ സംബന്ധിച്ച എല്ലാ രേഖകളും ജില്ലാ തലത്തിൽ സൂക്ഷിക്കുന്നത് റവന്യൂവകുപ്പാണ്. ബാധിതകുടുംബങ്ങൾ ഉന്നയിക്കുന്ന പരാ തികൾ കേൾക്കുന്നതും അവ അടിയന്തരമായും ന്യായമായും പരിഹരിക്കുന്നത് ജില്ലാതല ത്തിൽ സ്ഥാപിതമായ പരാതിപരിഹാര സമിതിയാണ്. പദ്ധതി പ്രദേശത്തെ യഥാർത്ഥ സ്ഥിതിഗതികളും നിയന്ത്രണപദ്ധതി മുന്നോട്ടുവയ്ക്കുന്ന ലഘൂകരണ നടപടികൾ നടപ്പിലാ ക്കുന്നതും സ്ഥിരീകരിക്കാൻ ജില്ലാതല ഉദ്യോഗസ്ഥർ സ്ഥലസന്ദർശനങ്ങൾ നടത്തേണ്ടതാ ണ്. സ്ഥലമേറ്റെടുപ്പും ലഘൂകരണനടപടിയുടെ ഭാഗമായ നഷ്ടപരിഹാരവും കുടുംബങ്ങ ളുടെ അവകാശങ്ങളും താൽപര്യങ്ങളും യഥാവിധി സംരക്ഷിക്കപ്പെട്ടുവെന്ന് സ്ഥിരീകരിക്കു ന്നതിനും നിയന്ത്രണ പദ്ധതിയുടെ ഒരു അവസാനഘട്ട വിലയിരുത്തലും നടത്തേണ്ടതാണ്.

അദ്ധ്യായം 11

# ചിലവിന്റെയും നേട്ടങ്ങളുടെയും വിശകലനവും ഏറ്റെടുക്കലിനുള്ള ശുപാർശകളും

## അവതാരിക

നിർദ്ദിഷ്ട മണിയൂർ സബ്സ്റ്റേഷന്റെ നിർമ്മാണ ചിലവിന്റെയും നേട്ടങ്ങളുടെയും, സാമൂഹിക നിർണ്ണയത്തിന്റെ തീർപ്പുകളുടെയും ശുപാർശകളുടെയും അവസാന വിശകലനവുമാണ് ഈ അധ്യായം കാഴ്ചവയ്ക്കുന്നത്. നിർണ്ണയ സമയത്ത് നടത്തിയ സാമൂഹ്യ- സാമ്പത്തിക പരിശോധനകളുടെ കണ്ടെത്തലുകൾ സ്ഥലസന്ദർശനങ്ങൾ, പ്രഥമവും ദ്വിതീയവും ആയ സ്രോതസ്സുകളിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ് ഈ വിശകലനം. ബാധിത കുടുംബങ്ങളുടെ നിർദ്ദേശങ്ങളുടെ രത്നച്ചുരുക്കവും, സ്ഥലമെടുപ്പിനെ സംബന്ധിച്ച നിർണ്ണയ സംഘത്തിന്റെ ശുപാർശകളുടെ അവതരണവും ഈ അധ്യായം സംക്ഷിപ്തമായി അവതരിപ്പിക്കുന്നുണ്ട്.

### 11.1 അവസാന വിശകലനവും തീരുമാനങ്ങളും

തദ്ദേശീയർക്കും കോഴിക്കോട് ജില്ലയിലെ വിപുലമായ വടകര പ്രദേശത്തിനും പരമപ്രധാനമായ ഒരു പൊതുഭൗതിക നിർമ്മാണ പദ്ധതിയാണ് നിർദ്ദിഷ്ട മണിയൂർ സബ്സ്റ്റേഷൻ. വിദ്യുച്ഛക്തി ലഭ്യതയുടെ വിശ്വസനീയതയും മേന്മയും മെച്ചപ്പെടുത്തുക, കാലങ്ങളായി അനുഭവിക്കുന്ന വോൾട്ടേജ് പ്രശ്നങ്ങൾ പരിഹരിക്കുക, വടകര പട്ടണം, കരിമ്പന പാലം മേമുണ്ട പുതുപ്പനം, മണ്ടാരത്തൂർ, ചെറാണ്ടത്തൂർ, മണിയൂർ, കീഴൽ എന്നീ സ്ഥലങ്ങളിലുള്ള പ്രസരണ ശൃംഖല ശക്തിപ്പെടുത്തുക എന്നിവയാണ് പദ്ധതികൊണ്ട് പ്രതീക്ഷിക്കപ്പെടുന്നത്. പദ്ധതിയുടെ മതിപ്പ് ചെലവായ 13 കോടിയിൽ, രണ്ട് കോടി രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ സ്ഥലമേറ്റെടുക്കലിനായുള്ളതുമാണ്.

മണിയൂർ ഗ്രാമത്തിൽ 0.3168 ഹെക്ടർ സ്വകാര്യ താമസസ്ഥലത്തിനും കൃഷിസ്ഥലത്തിനും പ്രത്യക്ഷമായി ആഘാതബാധിതരാകുന്ന 4 കുടുംബങ്ങൾക്കും വേണ്ടിയുള്ളതാണ് സാമൂഹ്യ സാമ്പത്തിക ബാദ്ധ്യത. സ്ഥലമെടുപ്പ് മൂലം ചില വീട്ടുകാർക്ക് പൈതൃക സ്ഥലത്തിന്റെ നഷ്ടവും മറ്റൊരു കുടുംബത്തിന് വീടുവയ്ക്കാനുള്ള മൊത്തം സ്ഥലസൗകര്യവും ഉണ്ടാകും. എങ്കിലും ആരും കുടിയൊഴിപ്പിക്കൽ നേരിടുന്നില്ല. പ്രദേശത്തുള്ള കൂടുതൽ കുടുംബങ്ങൾക്കും സ്ഥാപനങ്ങൾക്കും മെച്ചപ്പെട്ട വിദ്യുച്ഛക്തി ലഭ്യത ഉറപ്പാക്കുകയും ന്യായവും

തൃപ്തികരവുമായ നഷ്ടപരിഹാരം സമയോചിതമായി ലഭിക്കുകയും ചെയ്യുന്നതിനാൽ സ്ഥല നഷ്ടം ഉണ്ടാകുമെങ്കിലും ഈ പദ്ധതി നഷ്ടത്തേക്കാളധികമായി ലാഭത്തിനാണ് മുൻതൂക്കം നൽകുന്നത്.

### പട്ടിക 11.2 ബാധിത പ്രദേശത്തിന്റെയും കുടുംബങ്ങളുടെയും സംക്ഷിപ്ത വിവരം

### സ്ഥലമെടുപ്പ് (ഹെക്ടർ)

| | |
|---|---|
| 4(1) വിജ്ഞാപന പ്രകാരം ഏറ്റെടുക്കേണ്ട സ്ഥലം (ഹെക്ടർ) | 0.3168 ഹെക്ടർ |
| സ്വകാര്യസ്ഥലം | 0.3168 ഹെക്ടർ |
| ആകെ | 0.3168 ഹെക്ടർ |

### ബാധിത വസ്തുക്കളും സ്വത്തും

| | |
|---|---|
| 4(1) വിജ്ഞാപന പ്രകാരമുള്ള ബാധിത സർവേ നമ്പറുകളുടെ എണ്ണം | 5 |
| ബാധിതകുടുംബങ്ങളുടെ /സ്ഥാപനങ്ങളുടെ എണ്ണം | 4 |
| ബാധിത സ്ഥല ഉടമകളുടെ എണ്ണം | 5 |
| ബാധിത ജനങ്ങളുടെ എണ്ണം | 21 |
| വീട്/കെട്ടിടം - പൂർണമായും | ഇല്ല |
| വീട്/കെട്ടിടം - ഭാഗികമായി | ഇല്ല |
| കച്ചവട സ്ഥാപനങ്ങൾ | ഇല്ല |
| സെപ്റ്റിക് ടാങ്കുകൾ/കക്കൂസുകൾ | ഇല്ല |
| കിണറുകൾ/കുഴൽ കിണറുകൾ | ഇല്ല |
| ചുറ്റുമതിലുകൾ/ഗേറ്റുകൾ | ഇല്ല |
| ബാധിത വൃക്ഷങ്ങളുടെ എണ്ണം | 18 |

### 11.3 ബാധ്യത വ്യക്തികളുടെ/കുടുംബങ്ങളുടെ നിർദ്ദേശങ്ങൾ

### 1. സ്ഥലമെടുപ്പ്

സ്ഥലത്തിന്റെ കമ്പോളവില അടിസ്ഥാനമായുള്ള ന്യായമായ നഷ്ടപരിഹാരം അനാവശ്യ കാലതാമസം കൂടാതെ ഉടനടി നൽകണമെന്നാണ് ആഘാത ബാധിതരായ കുടുംബങ്ങൾ

അപേക്ഷിച്ചത്. തറവാട്ടുസ്വത്ത് നഷ്ടമായ കുടുംബങ്ങൾ സ്ഥലത്തോടുള്ള തങ്ങളുടെ വൈകാരിക മനോഭാവവും മൃദുസമീപനവും നഷ്ടപരിഹാരനിർണ്ണയത്തിൽ പ്രതിഫലിക്കണം എന്നാണ് അപേക്ഷിച്ചത്. മറ്റൊരു സ്ഥലം വാങ്ങുന്നതിന് ആവശ്യമായ മുഴുവൻ തുകയും നഷ്ടപരിഹാരമായി നൽകണമെന്നാണ് വീട് വയ്ക്കുവാൻ വാങ്ങിയ മുഴുവൻ സ്ഥലവും നഷ്ടമാകുന്ന കുടുംബം ആവശ്യപ്പെട്ടത്.

### 2. സ്വത്തുക്കളുടെയും നിർമ്മിതികളുടെയും നഷ്ടം

ബാധിത സ്ഥലത്തുള്ള വൃക്ഷങ്ങളുടെയും ആദായം ലഭിക്കുന്ന വസ്തുക്കളുടെയും കണക്കെടുത്ത് കമ്പോള വിലയ്ക്ക് അനുസരണമായ നഷ്ടപരിഹാരം നൽകണമെന്നാണ് അവ നഷ്ടപ്പെടുന്ന കുടുംബങ്ങൾ അപേക്ഷിച്ചത്. ബാധിത പ്രദേശത്ത് യാതൊരുവിധ സ്ഥിരം നിർമിതികളും ഇല്ല.

### 3. ഉപജീവന നഷ്ടം

സ്ഥലമെടുപ്പ്, കുടുംബങ്ങളുടെ ഉപജീവനത്തെ നേരിട്ട് ബാധിച്ചിട്ടില്ലാത്തതിനാൽ ആരുടെയും ഉപജീവനനഷ്ടം പ്രസക്തമല്ല

### 4. കാർഷിക വിളകളുടെ നഷ്ടം

ഒരു കുടുംബത്തിന് ഏറ്റെടുക്കൽ പ്രദേശത്ത് കൃഷി സ്ഥലം ഉണ്ട്. ഈ സ്ഥലത്തിന്റെയും അതിൽ നിന്ന് ലഭിക്കുന്ന വിളകളുടെയും മറ്റു ചെടികളുടെയും നഷ്ടത്തിന് മതിയായ നഷ്ടപരിഹാരം ആവശ്യപ്പെട്ടിട്ടുണ്ട്.

### 5. സ്ഥല രേഖകളുടെയും ആധാരങ്ങളുടെയും നവീകരണം

സ്ഥലമെടുപ്പ് പൂർത്തിയാകുന്നതോടുകൂടി, സ്ഥലത്തിന്റെ രേഖകളും ആധാരങ്ങളും കാലോചിതമായി പുതുക്കണമെന്ന് ബാധിത കുടുംബങ്ങൾ അപേക്ഷിക്കുകയുണ്ടായി.

### 6. അനുബന്ധ സൗകര്യങ്ങളുടെ ആവശ്യം

ചുറ്റുപാടുമുള്ള സ്ഥലത്തിന് കാര്യമായ തടസ്സങ്ങൾ സൃഷ്ടിക്കാത്ത വിധം ആയിരിക്കണം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടതെന്നും സമീപത്തുള്ള റോഡിനോ, മറ്റ് നിർമ്മിതിക

ൾക്കോ എന്തെങ്കിലും കേടുപാടുകൾ സംഭവിച്ചാൽ അവ അടിയന്തരമായി നന്നാക്കി കൊടുക്കണമെന്നും ബാധിത കുടുംബങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

### 11.4 അവസാന ശുപാർശകൾ

മെച്ചപ്പെട്ടതും ആശ്രയിക്കാവുന്നതുമായ വിദ്യുച്ഛക്തി ലഭ്യത, തദ്ദേശീയർക്കും കൂടുതൽ പ്രദേശവാസികൾക്കും സാരമായ പ്രയോജനം, സബ്സ്റ്റേഷന്റെ നിർമ്മാണം നിമിത്തം സംജാതമാകുന്നതിനാൽ പൊതുജനക്ഷേമം എന്ന ലക്ഷ്യത്തിന്റെ വെളിച്ചത്തിൽ നിർദ്ദിഷ്ട സ്ഥലമേറ്റെടുപ്പ് ന്യായീകരിക്കപ്പെടുന്നു. സ്ഥലമെടുപ്പ് നടപ്പിലാകുന്നത് നിയമം 2013 നിഷ്ക ർഷിക്കുന്ന സമയക്രമവും നടപടിക്രമങ്ങളും കർശനമായി പാലിച്ചുകൊണ്ടായിരിക്കണം.

സ്ഥലത്തിന്റെ നിലവിലെ കമ്പോളവില പ്രകാരമുള്ള നീതിപൂർവ്വവും കൃത്യവുമായ നഷ്ട പരിഹാരവും അർഹിക്കുന്ന ആശ്വാസസഹായവും, നിയമപ്രകാരമുള്ള മറ്റ് അവകാശങ്ങളും ആകെയുള്ള നാല് ബാധിത കുടുംബങ്ങൾക്കും ലഭ്യമാകും. ഏറ്റെടുക്കുന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന മുഴുവൻ വൃഷങ്ങൾക്കും മറ്റ് വരുമാനദായകമായ വസ്തുക്കൾക്കും നഷ്ടപരിഹാരം ലഭ്യമാകും. സ്ഥലത്തിന്റെ കൈവശാവകാശം ഏറ്റെടുക്കുന്നതിന് മുമ്പ് തന്നെ, നഷ്ടപരിഹാര പ്രക്രിയ സുതാര്യവും സമയോചിതമായും പൂർത്തിയാക്കും.

സ്വന്തം ഭവനനിർമ്മാണത്തിനായി സ്ഥലം വാങ്ങിയ കുടുംബത്തിന്റെ മൊത്തം സ്ഥലവും ഏറ്റെടുക്കുന്നതിനാൽ അവർക്ക് നഷ്ടപരിഹാരത്തിന്റെ കാര്യത്തിൽ അർഹമായ പരിഗണന കൊടുക്കുകയും ഇവരുടെ ഭാവി പരിപാടിക്ക് മതിയായ പിന്തുണ നൽകുകയും ചെയ്യും.

ഭൂമി സമാഹരണവും നഷ്ടപരിഹാരവും നടക്കുന്ന സമയത്ത് ബാധിതരായ കുടുംബങ്ങൾ ഉയർത്തുന്ന പരാതികളും ഉത്കണ്ഠകളും പരിഹരിക്കാൻ ജില്ലാതലത്തിൽ ഒരു സജീവമായ പരാതിപരിഹാര സംവിധാനം സ്ഥാപിക്കുകയും, മുഴുവൻ പരാതികളും നീതിയുക്തമായും സമയോചിതമായൂം പരിഹരിക്കുകയും ചെയ്യും.

നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ, പരിസരവാസികൾക്ക് കഴിവതും നിസ്സാരമായ തടസ്സങ്ങളെ സൃഷ്ടിക്കാതെ സ്ഥലത്തുള്ള ഏതെങ്കിലും നിർമ്മിതികൾക്ക് അഥവാ എന്തെ ങ്കിലും കേടുപാടുകൾ സംഭവിച്ചാൽ അവ അടിയന്തരമായി നന്നാക്കിക്കൊടുക്കുമെന്നും നടത്തിപ്പുകാരായ KSEBL ഉറപ്പു നൽകേണ്ടതാണ്.


## ഫീൽഡ് ജോയിന്റ് ഇൻസ്പെക്ഷൻ










GPS Map Camera
Mudappilavil, Kerala, India
Hjgr+v33, Bank Rd - Kurunthodi Rd, Mudappilavil,
Kerala 673105, India
Lat 11.577146° Long 75.640821°
Monday, 18/05/2026 10:58 AM GMT +05:30
Google





## JOINT INSPECTION ATTENDANCE / PARTICIPATION REPORT

Date: 18-05-2026

**Subject: Joint Inspection Conducted on 18-05-2026 (Monday) – Submission of Participation List and Inspection Confirmation**

1. Joint Inspection conducted on 18-05-2026 (Monday) regarding the proposed work/site verification.
2. Submission of the list of officials, representatives, and stakeholders who attended the Joint Inspection.

With reference to the above subject, a Joint Inspection was conducted on Monday, 18th May 2026 at the project/site location in connection with the verification of site conditions, existing structures/utilities, access arrangements, and matters related to the proposed developmental activities.

The inspection was carried out jointly in the presence of officials from the concerned departments, local representatives, technical personnel, and other stakeholders. During the inspection, the team reviewed the present status of the site, discussed the technical observations, and verified the relevant details required for further proceedings and necessary approvals.

The following persons were present and participated in the Joint Inspection conducted on 18-05-2026. The undersigned participants hereby confirm their attendance and participation during the inspection process.

**List of Participants Attended the Joint Inspection**

| Sl. No. | Name of Participant | Designation / Department / Organization | Contact No. | Signature |
|---|---|---|---|---|
| 1 | Narendran. K | stake holder | (9446367959)<br>9747157959 | [signature] |
| 2 | Nidhin. M.G | stake holder | 9446472038 | [signature] |
| 3 | Rajagopalan. K. | stakeholder | 9446415181 | [signature] |
| 4 | Vijith.K.K and Aathira P.K | stakeholders | 9778066098<br>7306575844 | [signature] |
| 5 | | | | |
| 6 | Jathish Kumar. V | AEE TCSD Nattukara (KSEB Ltd) | 9496010975 | [signature] |

അനുബന്ധം 4

നമ്പർ : YSSO/KKD1/2026

# നോട്ടീസ്

തീയതി : 29-05-2026

കോഴിക്കോട് ജില്ല, വടകര താലൂക്ക്, മണിയൂർ വില്ലേജ് പരിധിയിൽ വരുന്ന നിങ്ങളുടെ ഭൂമി/ കെട്ടിടം ഒരു പൊതു ആവശ്യത്തിന് അതായത് 81/2 (റീ സർവ്വേ നമ്പർ) 0.3168 ഹെക്ടർ ഭൂമി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ കാണുന്നതും, ആയതിനുവേണ്ടി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപന ത്തിനുമുള്ള അവകാശ നിയമം (കേന്ദ്രനിയമം 30/2013 വകുപ്പ് 4ൽ 1 ഉപ വകുപ്പ് പ്രകാരമുള്ള വിജ്ഞാപനം DCKKD/15044/2024-B1 29-4-2026 നമ്പറായി കേരള സംസ്ഥാന അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ് സാമൂഹ്യ പ്രത്യാഘാത പഠനത്തിന്റെ അന്തിമ റിപ്പോർട്ട് തയ്യാറാക്കുന്നതിന് വേണ്ടി നിങ്ങളുടെ ഭൂമി കെട്ടിടത്തിൽ അവകാശമുള്ള എല്ലാ ആളുകളും 22 - 06 - 2026, തിങ്കളാഴ്ച 11.30 ന് കോഴിക്കോട് ജില്ലയിൽ, വടകര താലൂക്ക്, മണിയൂർ ഗ്രാമപഞ്ചായത്ത്, 3-ാം വാർഡിലെ മടുപ്പിലാവ് സെന്ററിലെ ഐക്യ കേരള വായനശാല & ഗ്രന്ഥാലയം ഓഫീസിൽ വച്ച് നടത്തുന്ന പബ്ലിക് ഹിയറിങ്ങിൽ ഹാജരാകേണ്ടതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു. കരട് റിപ്പോർട്ട് YSSO.net. എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വിശ്വസ്തതയോടെ,

SIA യൂണിറ്റ്

यूत्त सोष्यल सरवीस ओरगनैसेषन
सोष्यल सरवीस सेन्टर
एं.ए.कालेज पि.ओ., मातिरप्पिल्ली,
कोतमंगलम - 686 666, एर्नाकुलमं जिल्ला, केरला
Ph: 9446510628

YSSO
Serving Humanity 22 Years

Youth Social Service Organisation
Social Service Center
M.A.College P.O., Mathirappilly
Kothamangalam-686 666, Ernakulam (Dist.), Kerala
9446510628
www.ysso.net | ysso95@gmail.com

Under Society Registration Act - 1860 Reg: 112/95

Executive Director
Fr. Jose Parathuvayalil

തീയതി : 29-05-2026

സ്വീകർത്താവ്

1) ഡെപ്യൂട്ടി കളക്ടർ (എൽ.എ.), കളക്ടറേറ്റ്, കോഴിക്കോട്
2) സ്പെഷ്യൽ തഹസിൽദാർ (എൽ.എ.), വടകര
3) എക്സിക്യൂട്ടീവ് എൻജിനീയർ, കെ.എസ്.ഇ.ബി., ട്രാൻസ്മിഷൻ ഡിവിഷൻ, വടകര
4) വില്ലേജ് ഓഫീസർ, മണിയൂർ
5) പ്രസിഡന്റ് /സെക്രട്ടറി മണിയൂർ ഗ്രാമപഞ്ചായത്ത്
6) വാർഡ് മെമ്പർ, മണിയൂർ ഗ്രാമപഞ്ചായത്ത്

വിഷയം : ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി സാമൂഹ്യപ്രത്യാഘാത പഠനം നടത്തി സമുചിത റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച് :

സൂചന :

1) ജില്ലാ കളക്ടറുടെ തീയതിയിലെ നമ്പർ കത്ത് തീയതി : 11-05-2026
2) റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ തീയതിയിലെ സർക്കാർ ഉത്തരവ്
3) 07-05-2026 തീയതിയിലെ 1519 വാല്യം 15 നമ്പർ അസാധാരണ കേരള ഗസറ്റ് വിജ്ഞാപനം

സർ,

കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിൽ മണിയൂർ വില്ലേജിൽ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിവാരത്തിനും സുതാര്യത യ്ക്ക് പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം കേന്ദ്രനിയമം 30 2013 അനുസരിച്ച് സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയാക്കുന്നതിനായി പ്രസ്തുത നിയമം അനുശാസിക്കുന്ന രീതിയിലുള്ള പബ്ളിക് ഹിയറിങ് സർക്കാർ നിയമങ്ങൾ പൂർണമായി പാലിച്ചുകൊണ്ട് 22 - 06 - 2026, തിങ്കളാഴ്ച 11.30 ന് കോഴിക്കോട് ജില്ലയിൽ, വട കര താലൂക്ക്, മണിയൂർ ഗ്രാമപഞ്ചായത്ത്, 3-ാം വാർഡിലെ മടുപ്പിലാവ് സെന്ററിലെ ഐക്യകേരള വായനശാല & ഗ്രന്ഥാലയം ഓഫീസിൽ വച്ച് നടത്താൻ നിശ്ചയിച്ചിരിക്കുന്ന വിവരം അറിയിക്കട്ടെ.

പ്രസ്തുത യോഗത്തിൽ സംബന്ധിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

Fr. Jose

SIA യൂണിറ്റ്

YOUTH SOCIAL SERVICE ORGANIZATION
COLLEGE P.O., COCHIN, KERALA-686 666
REG:112/95
KOTHAMANGALAM

# പത്ര പ്രസിദ്ധീകരണത്തിന്

ഫോറം നമ്പർ 5 ചട്ടം 14 (1)

**നോട്ടീസ്** തീയതി: 03-06-2026

നമ്പർ 1/SIA DCKKD/15044/2024-B1 29-04-2026 കേരള സർക്കാർ 29-04-2026ലെ(സാധാരണം) നമ്പർ DCKKD/15044/2024-B129-04-2026ലെവിജ്ഞാപനപ്രകാരം 2013ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശആക്ട് 2013 കേന്ദ്രആക്ട് 30, 2013 പ്രകാരമുള്ള കളക്ടറുടെ ചുമതല നിർവഹിക്കുവാൻ സ്പെഷ്യൽതഹസിൽദാർ(എൽ.എ.)കൊയിലാണ്ടി,യെ നിയമിച്ചിരിക്കുന്നതിനാലും ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതുആവശ്യത്തിന് അതായത് മണിയൂർ എയർഇൻസുലേറ്റഡ് സബ്സ്റ്റേഷൻ നിർമ്മാണം പദ്ധതിക്ക് വേണ്ടി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ ജില്ലാ കളക്ടർക്കു ബോധ്യമായതിനാലും 2013ലെ ഭൂമിഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനുമുള്ള അവകാശആക്ട് പ്രകാരമുള്ള വിജ്ഞാപനം DCKKD/15044/2024-B1-29-04-2026നമ്പർആയി പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. സാമൂഹ്യപ്രത്യാഘാതവിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പ്രസ്താവിക്കുന്ന ഭൂമിയിൽ താൽപര്യമുള്ള എല്ലാ വ്യക്തികളും 2026 ജൂൺ 22-ാം തീയതി രാവിലെ 11.30ന് കോഴിക്കോട് ജില്ലയിലെ വടകര താലൂക്ക് മണിയൂർപഞ്ചായത്ത്, വാർഡ് നമ്പർ 3 മടുപ്പിലാവിൽ സെന്ററിലെ ഐക്യകേരളവായനശാല&ഗ്രന്ഥാലയം ഓഫീസിൽവച്ച് നടത്തുന്ന പബ്ലിക് ഹിയറിംഗിന് ഹാജരാകേണ്ടതാണെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

| ക്രമ നമ്പർ | ബ്ലോക്ക് നമ്പർ | റീസർവ്വേ നമ്പർ 81/2 സബ്ഡിവിഷൻ നമ്പർ | വില്ലേജ്, താലൂക്ക് | സ്ഥലം ഉടമയുടെ പേര് |
|---|---|---|---|---|
| 1 | 40 | 81/34, 81/35 | മണിയൂർ വില്ലേജ് വടകര താലൂക്ക് | രാജഗോപാലൻ കെ. S/o രാമൻ നമ്പ്യാർ |
| 2 | 40 | 81/33 | മണിയൂർ വില്ലേജ് വടകര താലൂക്ക് | മിഥുൻ എം.സി. S/o മുരളീധരൻ |
| 3 | 40 | 81/37 | മണിയൂർ വില്ലേജ് വടകര താലൂക്ക് | നരേന്ദ്രൻ കെ. S/o രാമൻ നമ്പ്യാർ |
| 4 | 40 | 81/35-3 | മണിയൂർ വില്ലേജ് വടകര താലൂക്ക് | വിജിത്ത് കെ.കെ. ഭാര്യ ആതിര കെ.കെ. |

ആകെ വിസ്തീർണ്ണം: 0.3168 ഹെക്ടർ

(ഒപ്പ്) ചെയർമാൻ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്

# സംഗ്രഹം

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 (കേന്ദ്രനിയമം 30/2013) നിലവിൽ വന്നതോടെ ഭൂമി ഏറ്റെടുക്കൽ പ്രക്രിയയുടെ ഭാഗമായി പദ്ധതിപ്രദേശത്ത് സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽപഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കണമെന്ന് നിഷ്കർഷിച്ചിരിക്കുകയാണ്.

11-05-2026 തീയതിയിലെ DCKKD15044 2024 B1 നമ്പർ ഉത്തരവ് പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റായി അംഗീകരിക്കുകയും, വില്ലേജുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്തു. 2013ലെ നിയമം അനുശാസിക്കുന്ന രീതിയിൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനുള്ള വിജ്ഞാപനം തീയതി അസാധാരണ ഗസറ്റായി വാല്യം 15 നമ്പർ ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ ഉത്തരവുകൾ പ്രകാരം മണിയൂർ വില്ലേജിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ആഘാതബാധിതരായ പ്രദേശത്ത് നടത്തിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ അന്തിമ റിപ്പോർട്ടാണ് തുടർന്നുള്ള ഭാഗത്ത് പ്രതിപാദിക്കുന്നത്. 2013ലെ 30 നമ്പർ കേന്ദ്രനിയമവും 2015ലെ അവകാശ ചട്ടങ്ങളുമനുസരിച്ച് പ്രാഥമിക, ദ്വിതീയ വിവരങ്ങൾ ബന്ധപ്പെട്ടവരിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച് വിശകലനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് പഠന റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ലഭ്യമായ നിർദ്ദേശങ്ങൾ അന്തിമ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്.

പഠനത്തിന്റെ വിവിധ ഘട്ടങ്ങളിലായി സഹകരിച്ച മണിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വാർഡ് മെമ്പർ, റവന്യൂ വകുപ്പ്, KSEB എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ, ആവശ്യമായ സ്ഥിതിവിവരങ്ങൾ നൽകിയ ഭൂഉടമസ്ഥർ, പൊതുജനങ്ങൾ എന്നിവർക്ക് നന്ദി അറിയിച്ചുകൊണ്ട് ഈ കരട് പഠന റിപ്പോർട്ട് സമർപ്പിക്കുന്നു.